**CPA COLLEGE OF GLOBAL STUDIES PUTHANATHANI**

**CALICUT UNIVERSITY FOUR - YEAR UNDERGRADUATE PROGRAMME (CUFYUGP)**

**GENERAL FOUNDATION COURSES OFFERED BY DEPARTMENT OF MALAYALAM**

**AEC 4 - FOR BSc**

**COMMUNICATIVE MALAYALAM AND SCIENCE WRITING**

# വിനിമയ മലയാളവും ശാസ്ത്രചനയും

## (MAL2FA104(3))

**SEMESTER 2**


**തയ്യാറാക്കിയത് : സുഭാഷ് കുമാർ, മലയാളവിഭാഗം**

## സിലബസ്

ശാസ്ത്രവിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളുടെ സാഹിത്യ ആസ്വാദനശേഷി വർദ്ധിപ്പിക്കുക എന്നതായിരുന്നു ആദ്യ സെമസ്റ്ററിൽ ലക്ഷ്യമാക്കിയത്. അതിന്റെ തുടർച്ചയായി അപഗ്രഥനം, വിമർശനം, വിവർത്തനം, രചന എന്നീ ഭാഷാശേഷികൾ ആർജിക്കാനും ശാസ്ത്ര മേഖലയുമായി ബന്ധപ്പെട്ട വിവിധ സന്ദർഭങ്ങളിൽ പ്രയോഗിക്കാനും സാധിക്കുന്ന രീതിയിലാണ് ഇവ തയ്യാറാക്കിയിട്ടുള്ളത്.

**മൊഡ്യൂൾ ഒന്ന് - അപഗ്രഥനം**

അപഗ്രഥന വായന -സാമാന്യ പരിചയം

പൊതു ഉപന്യാസങ്ങൾ, വാണിജ്യ/സാമ്പത്തിക ശാസ്ത്രവിഷയ ലേഖനങ്ങൾ, സാംസ്കാരിക നിരൂപണം, എന്നിവയുടെ ഉള്ളടക്കം, സമീപനം, ആഖ്യാന സവിശേഷതകൾ തുടങ്ങിയവയെ പറ്റിയുള്ള സാമാന്യ ധാരണ.

1 നിർമിതബുദ്ധിയുടെ കാലത്തെ ഭാഷാസാങ്കേതികവിദ്യ കാവ്യ മനോഹർ

2 അമ്പിളിമാമന്റെ യാഥാർത്ഥ്യം-ജീവൻ ജോബ് തോമസ്

പൊതു ഉപന്യാസം രചനാ പരിശീലനം ഭാഷയെ എഴുത്തിൽ പ്രയോഗിക്കുന്നു. പ്രസക്തമായ ശാസ്ത്ര വിഷയങ്ങളിൽ ഉപന്യാസം രചിക്കുന്നു

**മൊഡ്യൂൾ രണ്ട് - വിമർശനം**

**സാഹിത്യ വിമർശനം മലയാള വിമർശനത്തിന്റെ സാമാന്യ ചരിത്രം.**

കഥാവിമർശനം, കവിത വിമർശനം, സാമാന്യ പരിചയം.

വിമർശകർ കൃതികൾ സാമാന്യ പരിചയം (കേസരി ബാലകൃഷ്ണപിള്ള, എം പി പോൾ, മുണ്ടശ്ശേരി,

കുട്ടികൃഷ്ണമാര്, സുകുമാർ അഴീക്കോട്, എം ലീലാവതി, എം എൻ വിജയൻ, കെ പി അപ്പൻ, വി രാജകൃഷ്ണൻ)

- വിശദപഠനം
- (നിരൂപണത്തിന്റെ മാതൃകകൾ എന്ന നിലയിലാണ് പാഠഭാഗങ്ങൾ പരിഗണിക്കേണ്ടത്)

1. കർണന്റെ അരങ്ങേറ്റം കുട്ടികൃഷ്ണമാരാര്
2. മരണത്തിന്റെ കവിത വി. രാജകൃഷ്ണൻ
3. സർപ്പങ്ങൾ വി.സി. ശ്രീജൻ

**മൊഡ്യൂൾ 3 - വിവർത്തനം**

- വിവർത്തനം, പുനരാഖ്യാനം, പുനസൃഷ്ടി സാമാന്യധാരണ
- വിവർത്തന തത്ത്വങ്ങളുടെ പരിചയം
- ഭാഷാന്തര വിവർത്തനം -അന്തർ ഭാഷാ വിവർത്തനം - ചിഹ്നാന്തര വിവർത്തനം- അനുകല്പനം
- സാഹിതിയും സാഹിത്യപരമായ വിവർത്തനങ്ങൾ, വാണിജ്യ സാമ്പത്തിക ശാസ്ത്ര വിഷയങ്ങളിൽ ഉള്ള കൃതികളുടെ വിവർത്തനം.

**ഇംഗ്ലീഷിലുള്ള സ്രോതരചനയും മലയാള പരിഭാഷയും താരതമ്യം.**

1. A Fable for Tomorrow-Rachel Carson

നാളേക്കൊരു ഗുണപാഠം-വിവർത്തനം: കെ. രതി മേനോൻ

2 An Injured Lion Still Wants to Roar-Randy Pausch & Jeffry Zaslow

മുറിവേറ്റിട്ടും അലറാനാഗ്രഹിക്കുന്ന സിംഹം-വിവർത്തനം: എസ്. ഹരീഷ്

**മൊഡ്യൂൾ 4 - രചന**

- സംഗ്രഹ രചന സാമാന്യ ധാരണ.
- സംഗ്രഹ രചന പരിശീലനം

**കഥയുടെ വിമർശനാത്മക രചന പരിശീലനം**

1. വയലറ്റ് പൂച്ചകൾക്ക് ശു വയ്ക്കാൻ തോന്നുമ്പോൾ പ്രിയ എ.എസ്.

**കവിതാ വിമർശന രചന പരിശീലനം**

1. രണ്ടു കുഞ്ഞുങ്ങൾ-ആർ. വേണുഗോപാൽ

കഥയുടെയും കവിതയുടെയും വിമർശന പാഠം വിദ്യാർഥികൾ ചർച്ചകളിലൂടെ എഴുതുക.

- **വിവർത്തന പരിശീലനം**

ദഗ്രേറ്റ്ഡിറ്റക്ടർ എന്ന സിനിമയുടെ അവസാന ഭാഗത്ത് ചാർലി ചാപ്ലിൻ അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ പ്രസംഗം. ഈ ചലച്ചിത്ര ഭാഗത്തിന്റെ മലയാളം സബ്ടൈറ്റിൽ <u>ഉള്ള</u> പാഠം വിദ്യാർഥികൾ ചർച്ചകളിലൂടെ തയ്യാറാക്കണം.

- ക്രിയേറ്റീവ് റൈറ്റിംഗ്, കണ്ടന്റ് റൈറ്റിംഗ്, എന്നിവയെ കുറിച്ച് സാമാന്യധാരണ. രചന പരിശീലനം.

**മൊഡ്യൂൾ ഒന്ന് - അപഗ്രഥനാത്മകവായന**

ഒരു പാഠത്തെ ചിട്ടയായി സമീപിച്ച് ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നതാണ് അപഗ്രഥനാത്മകവായന. വായിച്ചാസ്വദിക്കുക എന്നതല്ല ഇവിടുത്തെ ലക്ഷ്യം. പാഠത്തിന്റെ ഉള്ളടക്കം, ഘടന, വാദഗതികളിൽ വായനക്കാരൻ/വായനക്കാരി വിമർശനാത്മകമായി ഇടപെടുന്നു എന്നതാണ് അപഗ്രഥനാത്മകവായന.

## പോപ്പുലർ സയൻസ്

- ശാസ്തലേഖനങ്ങൾ പൊതുവേ വസ്തുനിഷ്ഠമായും ശാസ്ത്രീയത കുറയാതെ സൂക്ഷ്മതയും കൃത്യതയും പാലിച്ചുകൊണ്ടാണ് എഴുതാറ്
- ഈ ശാസ്ത്ര സാഹിത്യത്തിൽ തന്നെ

- ജനകീയമായ എഴുത്തിനെ പോപ്പുലർ സയൻസ് എന്ന് വിളിക്കുന്നു
- ശാസ്ത്രകാര്യങ്ങൾ സാധാരണ വായനക്കാർക്ക് വേണ്ടി വിശദീകരിക്കുന്ന എഴുത്ത് രീതിയാണിത്
- പൊതുവേ ശാസ്ത്രജ്ഞരിൽ വരുന്ന കാര്യങ്ങൾ ശാസ്ത്രകാര്യങ്ങളിൽ അവഗാഹമുള്ള ആളുകളെ ലക്ഷ്യം വെച്ചാണ് രചിക്കാറ്
- എന്നാൽ സാമാന്യ ജനങ്ങളിൽ ശാസ്താവ് വളർത്താൻ വേണ്ടി ലളിതമായും സരളമായും എഴുതി അവതരിപ്പിക്കുന്ന രീതിയാണ് പോപ്പുലർ സയൻസ് ലേഖനങ്ങളുടേത്
- ശാസ്ത്ര താല്പ്പര്യം ജനിപ്പിക്കുക ശാസ്ത്രാവബോധം ഉണർത്തുക എന്നീ ലക്ഷ്യങ്ങളാണ് പോപ്പുലർ സയൻസിനുള്ളത്
- മലയാളത്തിൽ പത്രപ്രവർത്തനം ആരംഭിച്ച കാലം തൊട്ടുതന്നെ പത്രമാസികകളിൽ പോപ്പുലർ സയൻസ് സ്വഭാവമുള്ള ലേഖനങ്ങൾ ഉള്ളടങ്ങിയിരുന്നു

- ശാസ്ത്ര സാഹിത്യ പരിഷത്തും കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിതമായതോടെ ശാസ്ത്ര വിഷയങ്ങളിൽ ഉള്ള പുസ്തകങ്ങൾ ധാരാളമായി മലയാളത്തിൽ ഉണ്ടായി

## 1 നിർമിതബുദ്ധിയുടെ കാലത്തെ ഭാഷാസാങ്കേതിക വിദ്യ - കാവ്യ മനോഹർ

- സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് രംഗത്തെ കമ്പ്യൂട്ടർ ഭാഷാ വിദഗ്ധയാണ് ലേഖക
- ഭാഷാ കമ്പ്യൂട്ടിങ് രംഗത്ത ഇടപെടലുകളും അവയുടെ പ്രവർത്തന മണ്ഡലങ്ങളുടെ സ്വഭാവവും വളർച്ചയും ചർച്ച ചെയ്യുകയാണ് ഈ ലേഖനത്തിലൂടെ ചെയ്യുന്നത്
- സമൂഹത്തിൽ ഇടപെടുന്ന അതേ രീതിയിൽ തന്നെ ഭാഷ കൊണ്ട് സാങ്കേതിക വിദ്യകളോടും മനുഷ്യർ സജീവമായി ഇടപെടുന്ന കാലമാണ് ഇത്
- ഭാഷയുടെ ഉപയോഗത്തെ സാങ്കേതികവിദ്യ വളരെയധികം സ്വാധീനിച്ചു കൊണ്ടിരിക്കുന്നു

- പ്രാദേശിക ഭാഷകളിലുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഡിജിറ്റൽ അസിസ്റ്റൻ്റുകൾ സജീവമായ ലോകമാണിന്നുള്ളത്
- ആപ്പിളിന്റെ സിരിയും ആമസോണിന്റെ അലക്സയും ഇത്തരത്തിലുള്ള ഡിജിറ്റൽ അസിസ്റ്റന്റുകളാണ്
- വ്യക്തിപരമായ ആവശ്യങ്ങൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്ന പ്രവണത 90 കൾ മുതൽ തന്നെ തുടങ്ങിയിട്ടുണ്ട്. പക്ഷേ അവയ്ക്ക് മലയാളം പോലെയുള്ള പ്രാദേശിക ഭാഷകൾ ഉൾക്കൊള്ളാനുള്ള ശേഷി ഉണ്ടായിരുന്നില്ല
- യൂണികോഡ് വന്നതോടെ ലോകഭാഷകളിലെ ലിപികളെ എല്ലാം ഉൾക്കൊള്ളുന്ന സാങ്കേതികവിദ്യ കമ്പ്യൂട്ടറുകൾക്ക് കൈവന്നു
- ലോകത്തിലെ എല്ലാ ഭാഷകൾക്കും പര്യാപ്തമായ അക്ഷരങ്ങളുടെ കൂട്ടമാണ് യൂണികോഡ്
- വിപണി സാധ്യതകൾ മനസ്സിലാക്കി കമ്പോളത്തിൽ ഏർപ്പെട്ടിരുന്നകുത്തക സോഫ്റ്റ്‌വെയറുകൾ ആദ്യകാലങ്ങളിൽ ഉപയോക്താക്കൾ കുറവുണ്ടായിരുന്ന ഭാഷകളെ പരിഗണിച്ചിരുന്നില്ല. 2004 ലാണ് മലയാളം ഫോണ്ട് വിൻഡോസ് എക്സ്പി സോഫ്റ്റ്‌വെയറിൽ വരുന്നത്.
- സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനങ്ങൾ രൂപപ്പെട്ടതോടുകൂടിയാണ് പ്രാദേശിക ഭാഷകളുടെ സാങ്കേതിക അടിസ്ഥാനത്തിലുള്ള പ്രവേശനം കൂടുതൽ സജീവമായത്
- കേരളത്തിൽ സ്വാതന്ത്ര്യം മലയാളം കമ്പ്യൂട്ടറിൽ നിന്ന് കൂട്ടായ്മ ഇതിനു മുൻപന്തിയിൽ നിൽക്കുന്നു
- പ്രാദേശിക ഭാഷാ വിശേഷങ്ങളെ സോഫ്റ്റ്‌വെയറിൽ സന്നിവേശിപ്പിച്ചു, ഭാഷ മാനകീകരണ സമിതികളുമായി സംവദിച്ചു, ഐടി@സ്കൂൾ പോലെയുള്ള പദ്ധതികമായി സഹകരിച്ചു, കമ്പ്യൂട്ടറിന് എൻറെ ഭാഷ എന്ന സന്ദേശം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയി തുടങ്ങിയവ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംഗ് കൂട്ടായ്മയുടെ പ്രവർത്തനങ്ങളായിരുന്നു

- മലയാളം ടൈപ്പിംഗ് ,ഫോണ്ടുകൾ , ലിപി ചിത്രീകരണനിയമങ്ങൾ, ടെക്സ്റ്റ് ടു സ്പീച്ച്, മലയാളം അകരാദി ക്രമ നിയമങ്ങൾ , അക്ഷരത്തെ പരിശോധന തുടങ്ങി നിലയിലുള്ള ഭാഷാ കമ്പ്യൂട്ടറിൽ പരീക്ഷണങ്ങളിലേക്കും മുന്നേറ്റം ഉണ്ടാക്കി ഇവർ
- കമ്പ്യൂട്ടറുകളേക്കാൾ ആൻഡ്രോയിഡ് സ്മാർട്ട് ഫോണുകളാണ് ഇന്ന് മനുഷ്യരുടെ പ്രധാന കമ്പ്യൂട്ടിംഗ് ഉപകരണം
- ഇന്ന് ആൻഡ്രോയ്ഡിൽ മലയാളം അടക്കമുള്ള ഇന്ത്യൻ ഭാഷകൾ ലഭ്യമാണ്
- സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങിന്റെ പ്രവർത്തകനായ ജിഷ്ണു മോഹൻറെ ഇന്ത്യ കീബോർഡ് മലയാളത്തിൽ ടൈപ്പ് ചെയ്യുന്നതിനുള്ള മികച്ച ഉദ്യമമായിരുന്നു
- ഗൂഗിളിൽ വോയിസ് ടൈപ്പിങ്ങും കയ്യെഴുത്ത് ഇൻപുട്ടുമൊക്കെ വന്നപ്പോൾ നമ്മുടെ ഭാഷയും വാമൊഴി ശൈലിയും കയ്യെഴുത്തുമെല്ലാം ഗൂഗിളിന്റെ ഡാറ്റാ സൈറ്റിന്റെ ഭാഗമായി
- നമ്മൾ ടൈപ്പ് ചെയ്യുന്നതും പറയുന്നതും ഒക്കെ ഭാഷ കമ്പ്യൂട്ടിങ്ങിനുള്ള ഡാറ്റാ സൈറ്റായി മാറി
- മെഷീൻ ലേണിങ് എന്ന നവീന സാങ്കേതികവിദ്യയാണ് അതിന് അടിത്തറ ഒരുക്കുന്നത്
- ഭാഷയുടെ സ്വനവിജ്ഞാനീയം വ്യാകരണ നിയമങ്ങൾ എല്ലാം കോർത്തിണക്കി ഭാഷ സ്വയം പഠിക്കുന്നതിലേക്ക് നീങ്ങാൻ കമ്പ്യൂട്ടർ യന്ത്രങ്ങൾക്ക് സാധിക്കും
- ഇങ്ങനെ നമ്മൾ നൽകുന്ന വാക്കുകളും അവിടെ ഉച്ചാരണവും അടങ്ങിയ ഒരു ഡാറ്റ സൈറ്റ് ഉണ്ടെങ്കിൽ അതിൽ നിന്നും മെഷീൻ ലേണിംഗ് സങ്കേതം വഴി വാക്കുച്ചാരണ മാതൃക നിർമിക്കാൻ സാങ്കേതികവിദ്യക്കാവുന്നു.
- ഇത്തരത്തിൽ മെഷീൻ ലേണിങ് മാതൃക ഉണ്ടാക്കണമെങ്കിൽ വളരെ വലിയൊരു ഡാറ്റ സൈറ്റ് ഉണ്ടാക്കേണ്ടതുണ്ട്.

- നൽകുന്ന ആയിരക്കണക്കിന് വാക്യങ്ങളിൽ നിന്ന് ഒരു അത്ഭുത നിർമ്മിക്കുകയാണ് ഇതിലൂടെ യന്ത്രങ്ങൾ ചെയ്യുന്നത്
- ഇങ്ങനെ വികസിപ്പിക്കപ്പെട്ട മെഷീൻ ലേണിങ് വഴി വലിയ ഖണ്ഡിക സംഘഹിക്കാനും അടിക്കുറിപ്പ് എഴുതാനും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും സാധിക്കുന്നു
- ഈ മെഷീൻ ലേണിങ് മാതൃക നിർമിക്കാൻ അതിവിപുലമായ ഡാറ്റ സഞ്ചയം മെഷീൻ ലേണിങ് അൽഗരിതം , ഉയർന്ന കമ്പ്യൂട്ടിംഗ്
- ക്ഷമതയുള്ള പ്രൊസസർ തുടങ്ങിയവ വേണം
- ഇത് ചിലവറിയ ഒന്നാണ് എന്നതിനാൽ ഈ മേഖലയിൽ വലിയ തരത്തിലുള്ള ഗവേഷണങ്ങൾ നടത്താൻ സാധാരണ ഗവേഷകർക്ക് സാധിക്കുന്നില്ല
- ഡാറ്റാ ശേഖരണവും ചിലവറിയ പ്രക്രിയയാണ്.
- ഇങ്ങനെ നിർമിക്കുന്ന ഡാറ്റാ ശേഖരം കമ്പനികളുടെ രഹസ്യ സമ്പാദ്യമാകുന്നു.
- വിവിധ ആപ്ലിക്കേഷനുകൾ വഴി ശേഖരിക്കുന്ന ഡാറ്റകൾ ഉപയോഗിച്ച് നിലവിലെ ഡാറ്റാബേസുകൾ പരിഷ്കരിക്കപ്പെടുന്നു.
- ഡാറ്റയുടെ ഉടമസ്ഥാവകാശം കമ്പനികൾക്ക് മാത്രം ലഭ്യമാകുന്ന സാഹചര്യത്തിൽ ചെറു ഭാഷകൾക്ക് വേണ്ടി ഭാഷാ സ്നേഹികൾ
- സ്വതന്ത്ര ലൈസൻസിൽ ഉള്ള സോഴ്സ് കോഡ് ലഭ്യമാക്കി ഭാഷാ സാങ്കേതിക പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയി

- ഈ പ്രവർത്തനങ്ങളാണ് മലയാളം പോലുള്ള ഭാഷകൾക്ക് കമ്പ്യൂട്ടറിലേക്ക് വഴിയൊരുക്കിയത്
- വലിയ കമ്പ്യൂട്ടിംഗ് പ്രോജക്റ്റുകൾ തുടങ്ങുക വഴി മലയാളം ഉൾപ്പെടെയുള്ള ഭാഷകളുടെ കമ്പ്യൂട്ടിംഗ് മേഖലയിലെ ഭാഷാ വിഭവ ദാരിദ്ര്യത്തെ മറികടക്കാനാകുമെന്ന് ലേഖിക സൂചിപ്പിക്കുന്നു.

- ഭാഷയും ഭാഷ സങ്കേതങ്ങളും സാംസ്കാരിക സമ്പത്താണ്. ഭാഷാ സാങ്കേതിവിദ്യയുടെ പൊതു ഉടമസ്ഥത എന്നു പറയുന്നത് ജനാധിപത്യപരമായ ആശയവുമാത്തീരുന്നു. ഈ പൊതുജനങ്ങളുടെ അനുമതിയോടെ അവരുടെ ശബ്ദം ശേഖരിച്ച് കോമൺ വോയിസ് എന്ന പ്രോജക്ട് മോസില്ല ഫൗണ്ടേഷൻ തുടങ്ങിയ കാര്യം ലേഖനത്തിൽ സൂചിപ്പിക്കുന്നു
- മലയാളത്തിലും ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു
- മലയാളം മോർഫോളജി അനലൈസർ സന്തോഷ് തോട്ടിക്കൽ ഇത്തരത്തിൽ മലയാളത്തിന്റെ വ്യാകരണ നിയമങ്ങൾക്ക് അൽഗൊരിത വ്യാഖ്യാനം ചമക്കുന്ന മലയാളത്തെ ഭാഷാപരമായി അപഗ്രഥിക്കുന്ന ഒരു പ്രോജക്ട് നിർമിക്കുന്നുണ്ട്. ഇത് പിശകുകൾ ഇല്ലാത്ത മലയാളത്തെ ഭാഷാ കമ്പ്യൂട്ടിംഗ് മേഖലയിൽ സാധ്യമാക്കും എന്ന് പ്രത്യാശിക്കുന്നു.
- ഇത് ദരിദ്രഭാഷകൾക്ക് പിന്തുടരാനാകുന്ന മാതൃകയാണ്

- തദ്ദേശീയ ഗവേഷണ സ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുമ്പോൾ സ്വതന്ത്ര ലൈസൻസിൽ പുനരുപയോഗിക്കാൻ കഴിയുന്ന വിധത്തിൽ ഡാറ്റ നിർമ്മിച്ച ലഭ്യമാക്കണമെന്നും മെഷീൻ ലേണിങ്ങി നോടൊപ്പം പ്രാദേശികമായി ലഭ്യമായ ഭാഷാശാസ്ത്ര വൈദഗ്ധ്യംകൂടി ചേർത്ത് മെച്ചപ്പെട്ട ഭാഷാമോഡലുകൾ നിർമ്മിക്കാനും സാധിക്കണമെന്നും ലേഖിക ആവശ്യപ്പെടുന്നു

## 2:അമ്പിളിമാമൻറെ യാഥാർത്ഥ്യം-ജീവൻ ജോബ് തോമസ്

- ശാസ്ത്ര ലേഖകനും നോവലിസ്റ്റും തിരക്കഥാകൃത്തുമാണ് ജീവൻ ജോബ് തോമസ്
- മരണത്തിൻറെ ആയിരം മുഖങ്ങൾ രതി രഹസ്യം, പരിണാമ സിദ്ധാന്തം പ്രപഞ്ചവും മനുഷ്യനും തമ്മിൽ

എന്ത് - തുടങ്ങിയവ ഇദ്ദേഹത്തിൻറെ പോപ്പുലർ സയൻസ് ഗ്രന്ഥങ്ങളാണ്

- ഒരു കുപ്രസിദ്ധ പയ്യൻ എന്ന ചലച്ചിത്രത്തിന് തിരക്കഥ രചിച്ചു
- ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനെ പറ്റിയുള്ള വിവരങ്ങൾ പങ്കുവെക്കുകയാണ് ഈ ലേഖനത്തിൽ ചെയ്യുന്നത്
- ഒരു കൂട്ടുകാരൻറെ അച്ഛൻ മരിച്ച സന്ദർഭത്തിൽ കണ്ട ചന്ദ്രഗ്രഹണത്തെ തുടർന്നാണ് ലേഖകന് ചന്ദ്രൻറെ പൊരുൾ അന്വേഷിച്ച് പോവാനുള്ള കൗതുകം ഉണ്ടാകുന്നത്
- ചന്ദ്രനൊരു ജ്യോതിർ ഗോളമാണെന്ന് ചിന്ത പണ്ടുമുതൽക്കേ തന്നെ സമൂഹത്തിനകത്തുണ്ട്
- സമയത്തെക്കുറിച്ചും കാലത്തെക്കുറിച്ചും ഉള്ള ധാരണകൾ മനുഷ്യ രൂപപ്പെടുത്തിയത് ചന്ദ്രനെയും സൂര്യനെയും ആസ്പദമാക്കിയാണ്
- മാപന ശാസ്ത്രം രൂപപ്പെട്ടു വന്നത് ചന്ദ്രനിൽ നിന്നാണെന്ന് കരുതപ്പെടുന്നു
- തേങ്ങാപ്പൂള് പോലെയുള്ള ചന്ദ്രൻറെ മറുഭാഗത്ത് വരുന്ന നിഴൽ പോലെയുള്ള ഭാഗം ഭൂമിയുടെ പ്രകാശം തട്ടുന്ന ഭാഗത്തുനിന്ന് പ്രതിഫലിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഉണ്ടാവുന്നതെന്ന് ചിത്രകാരനായ ഡാവിഞ്ചി അനുമാനിച്ചു. ചന്ദ്രക്കലയെ ഒരു പൂർണ്ണവ വൃത്തമായി തോന്നിപ്പിക്കുന്ന ഈ പ്രകാശത്തിന് ആഷൻ ഗ്ലോ , ഡാവിഞ്ചി ഗ്ലോ എന്നിങ്ങനെ പേരുകൾ ശാസ്ത്രലോകം നൽകി
- സൂര്യനാണ് കേന്ദ്രമെന്നും ഭൂമിയും മറ്റു ഗ്രഹങ്ങളും സൂര്യൻറെ ചുറ്റും സഞ്ചരിക്കുകയാണ് ചെയ്യുന്നതെന്നും കോപ്പർ നിക്കസ് കണ്ടുപിടിക്കുന്നതിനു മുമ്പാണ് ഡാവിഞ്ചി ഈ അനുമാനത്തിൽ എത്തുന്നത്

- തോമസ് ഡിഗ്സ് ടെലസ്കോപ്പ് കണ്ടെത്തിയോടുകൂടിയാണ് ചന്ദ്രനെ മനുഷ്യൻ കൂടുതൽ അടുത്തറിയുന്നത്

- ഈ ടെലസ്കോപ്പിൽ നിന്ന് ആവേശം ഉൾക്കൊണ്ടുകൊണ്ടാണ് 1609 ൽ ഗലീലിയോ ഗലീലി റിഫ്രാക്ടിങ് ടെലസ്കോപ്പ് ഉണ്ടാക്കിയത്
- ചന്ദ്രൻറെ ഉപരിതലം കുന്നുകളും കുഴികളും നിറഞ്ഞതാണെന്ന് ഗലീലിയോ സ്ഥാപിച്ചു
- ചന്ദ്രനിൽ കാണുന്ന ഈ കർത്തങ്ങളെ മറീയ എന്നാണ് വിളിക്കുന്നത്
- മൂന്നര ബില്യൺ വർഷം മുമ്പുണ്ടായ ശക്തമായ ലാവാ പ്രവാഹമാണ് ഈ കുഴികൾക്ക് രൂപം നൽകിയത്
- പിൽക്കാലത്ത് അമേരിക്കയും സോബിറ്റ് യൂണിയനും ശാസ്ത്ര മേഖലയിൽ നടത്തിയ വിപ്ലവകരമായ മത്സരമാണ് ചന്ദ്രനിലേക്ക് ആളുകളെ എത്തിക്കുന്ന പരീക്ഷണങ്ങളിലേക്ക് നയിച്ചത്
- 1959 ൽ സോവിയറ്റ് യൂണിയൻ ലൂണാടു എന്ന പരീക്ഷണ പേടകം ചന്ദ്രനിൽ ഇറക്കി
- ലൂണാ 3 എന്ന സോവിയറ്റ് പേടകംഭൂമിയിൽ നിന്ന് കാണുന്ന ചന്ദ്രൻറെ മറുഭാഗത്തിന്റെ ചിത്രം പകർത്തി
- 1968 ഡിസംബറിൽ അപ്പോളോ 8 എന്ന ബഹിരാകാശ വാഹനത്തിൽ അമേരിക്ക ചന്ദ്രനെ മനുഷ്യരെ അയച്ചു. മനുഷ്യർ ചന്ദ്രനെ നേരിട്ട് കണ്ട് തൃപ്തിയടഞ്ഞു
- 1969 ജൂലൈ 21ന് അപ്പോളോ 11 ബഹിരാകാശ വാഹനത്തിൽ നീൽ ആംസ്ട്രോങ് ആദ്യമായി ചന്ദ്രനിൽ എത്തുകയും കാലു കുത്തുയും ചെയ്തു
- 1960കളിലും 70കളിലും ആയി 65 തവണ മനുഷ്യ പേടകങ്ങൾ ചന്ദ്രനിൽ ഇറങ്ങി
- 12 മനുഷ്യർ ചന്ദ്രനിലൂടെ കാലടി വച്ചു
- 1994 നാസ വിക്ഷേപിച്ച ക്ലമെന്റൽ മിഷനും 98 നടത്തിയ ലൂണാർ പ്രോസ്പെക്ടറും ചന്ദ്രനിലെ ജലസാന്നിധ്യത്തെക്കുറിച്ച് അറിവ് പങ്കുവെച്ചു
- ചന്ദ്രൻ നിന്നു കൊണ്ടുവന്ന മണ്ണിൽ ഇന്നും പരീക്ഷണങ്ങൾ നടക്കുന്നു. ആ മണ്ണുകളിൽ ജലാംശം ഉണ്ടെന്ന് നിരീക്ഷിക്കപ്പെട്ടു

- ചന്ദ്രനിൽ ഉള്ള ഒരു വലിയ കുഴിക്ക് 2500 കിലോമീറ്റർ വലിപ്പവും 13 കിലോമീറ്റർ ആഴവും ഉള്ളതായി കണക്കാക്കപ്പെട്ടു
- ഇന്ത്യ വിക്ഷേപിച്ച ചന്ദ്രൻ 1 എന്ന പേടകം ചന്ദ്രനിലെ ജലസാന്നിധ്യത്തിന് സ്ഥിരീകരണത്തിന് കാരണമായി. ജലത്തിൻറെ പ്രാഗ് രൂപമായ ഹൈഡ്രോക്സിലുകളുടെ സാന്നിധ്യമാണ് ചന്ദ്രൻ 1 ഉറപ്പിച്ചത്.

- ചന്ദ്രനെ കുറിച്ചുള്ള നിരീക്ഷണങ്ങളും പരീക്ഷണങ്ങളും ഇപ്പോഴും നിരന്തരം നടന്നുകൊണ്ടിരിക്കുന്നു

- ഇത്തരത്തിൽ ചന്ദ്രനെ പറ്റി സമഗ്രമായ വിവരണം നൽകുന്ന ലേഖനമാണ് ഇത്

## മൊഡ്യൂൾ 2 - വിമർശനം

സാഹിത്യ കൃതികൾ വിലയിരുത്തി അതിലെ മൂല്യം, പ്രമേയം എന്നിവ കണ്ടെത്തുന്ന സാഹിത്യശാഖ. ഒരു സാഹിത്യ കൃതി വിശകലനം ചെയ്ത് അതിൻറെ സാഹിത്യവും ആന്തരികവുമായ പ്രത്യേകതകൾ വിലയിരുത്തി മൂല്യനിർണയനം ചെയ്യുന്ന ക്രിയാത്മകവും ഭൗതികവുമായ സർഗ്ഗ വ്യാപാരമാണ് സാഹിത്യ വിമർശനം.

- സർഗാത്മക രചനകൾ ആണ് മുഖ്യമായും ഇപ്രകാരം വിശകലനത്തിന് വിധേയമാവുന്നത്. സൃഷ്ടിയും വിമർശനവും സാഹിത്യത്തിലെ പരസ്പരബന്ധമുള്ള രണ്ടു ശാഖകളാണ്.
- ഒരു കൃതിയെ സർവത അഭിനന്ദിച്ചും അനുകൂലിച്ചും ചെയ്യുന്ന വിമർശനമാണ് മണ്ഡന വിമർശനം ഒരു കൃതിയെ അടിമുടി വിമർശിച്ച് ദോഷവശങ്ങൾ എടുത്തു കാട്ടുന്ന വിമർശനം ഖണ്ഡനവിമർശനം. പ്രാചീന ആലങ്കാരികന്മാരുടെ സിദ്ധാന്തങ്ങളെ പിൻപറ്റി നടത്തുന്ന വിമർശനം ക്ലാസിക് വിമർശനം. കഥാപാത്രങ്ങളുടെ

മാനസിക വ്യക്തിത്വ സവിശേഷതകളും കലാകാരന്റെ മനോവൃത്തികളുടെ പ്രത്യേകതകളും കൃതിയുടെ സൗന്ദര്യാത്മകമായ ഭാവസാന്ദ്രതയും തെളിമയോടെ അനാവരണം ചെയ്യുന്ന വിമർശനത്തെ കാല്പനിക വിമർശനം എന്ന് വിളിക്കുന്നു. ഒരു കൃതി വിമർശകനിൽ ചെലുത്തിയ പ്രതികരണം അവലംബമാക്കി നിർവഹിക്കുന്ന വിമർശനമാണ് വൈയക്തിക വിമർശനം. ഒരു രചനയുടെ ഉള്ളടക്കം മനുഷ്യരാശിക്ക് എ്പ്രകാരം ഗുണദോഷങ്ങൾ സമ്മാനിക്കുന്നുവെന്ന് മൂല്യ ബദ്ധതയോടെ പഠിക്കുന്ന വിമർശനമാണ് ധർമ്മാധിഷ്ഠിത നിരൂപണം. എഴുത്തുകാരന്റെ മാനസിക ചിത്തവൃത്തികളെ കലാസൃഷ്ടിയുമായി അന്വയിച്ചു വിലയിരുത്തുന്ന വിമർശന പദ്ധതിയാണ് മനോവിജ്ഞാനീയ വിമർശനം. സാഹിത്യത്തിൻറെ സാമൂഹിക ബന്ധത്തിന് പ്രാമുഖ്യം കൽപ്പിക്കുന്ന വിമർശന പദ്ധതിയാണ് സമൂഹ അധിഷ്ഠിത വിമർശനം. പ്രാക്തന സംസ്കാരത്തിന്റെ ചിഹ്നങ്ങളും അടയാളങ്ങളും കാവ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനെ അടിസ്ഥാനമാക്കി വളർന്നുവന്ന വിമർശന പദ്ധതിയാണ് ആദിപ്രരൂപാത്മക വിമർശനം. മാക്സിയൻ പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് കലാസൃഷ്ടിയുടെ സാമൂഹിക പ്രാമാണ്യത്തിന് ഊന്നൽ നൽകുന്ന വിമർശന സമീപനമാണ് മാർക്സിസ്റ്റ് വിമർശനത്തിന്റേത്. ഭാഷാശാസ്ത്രത്തിന്റെ ഉൾക്കാഴ്ചകൾ പ്രയോജനപ്പെടുത്തി സാഹിത്യ വിമർശനം നടത്തുന്ന ശൈലി വിജ്ഞാനീയ വിമർശനവും ശ്രദ്ധേയമാണ്. ഘടനാവാദം, ഉത്തരഘടനാവാദം, ദളിത് ചിന്ത, പരിസ്ഥിതിചിന്ത,സ്ത്രീവാദചിന്ത എന്നിവയിൽ നിന്ന് വെളിച്ചം സ്വീകരിച്ച് രൂപപ്പെട്ട വ്യത്യസ്ത വിമർശന പദ്ധതികളും ഇന്ന് സജീവമാണ്.

**മലയാളസാഹിത്യത്തിലെ വിമർശകർ**

'മലയാളസാഹിത്യ വിമർശനം' എന്ന സാഹിത്യ ചരിത്ര സ്വഭാവമുള്ള ഗ്രന്ഥമെഴുതിയ സുകുമാർ

അഴീക്കോട് മലയാള നിരൂപണത്തിന്റെ പ്രാരംഭകനായി നിർദ്ദേശിച്ചിട്ടുള്ളത് കേരളവർമ വലിയ കോയിത്തമ്പുരാനെയാണ്. മറ്റുപലരും 'വിദ്യാവിനോദിനി' സാഹിത്യമാസികയുടെ പത്രാധിപരായിരുന്ന സി. പി. അച്യുതമേനോനെ ആ സ്ഥാനത്തേക്കു നിർദ്ദേശിക്കുന്നു. അച്യുതമേനോൻ എഴുതിയ പുസ്തക നിരൂപണങ്ങൾ സാഹിത്യ വിമർശനത്തിന്റെ വഴിയിലുള്ളതായിരുന്നു. കേരള വർമയാകട്ടെ നിരൂപണാഭിപ്രായങ്ങൾ അദ്ദേഹം പല കൃതികൾക്കും എഴുതിയ ആമുഖങ്ങളിലും അഭിപ്രായങ്ങളിലുമാണ്. മലയാള വിമർശനത്തിന്റെ പ്രാരംഭഘട്ടമാണിതെന്നും അദ്ദേഹത്തിനു ശേഷം മലയാള വിമർശനത്തിന്റെ നേതൃത്വം എ. ആർ. രാജരാജവർമയുടെ കൈകളിലേക്കു പകർന്നുവെന്നും സുകുമാർ അഴീക്കോട് പറയുന്നു (മലയാള സാഹിത്യ വിമർശനം, ഡി. സി. ബുക്സ്, 1998 പു. 61). തനിക്കു മുന്നിൽ വന്ന കേരള വർമയെയും തനിക്കു പിന്നിൽ വന്ന രാജ രാജവർമയെയും പോലെ മലയാള സാഹിത്യ വിമർശനത്തിന്റെ പ്രാണദാതാക്കളിൽ ഒരാളെന്നും കേരളവർമയ്ക്കു ശേഷം വിമർശന രാജ്യത്തിലെ കിരീടമണിയേണ്ടിയിരുന്ന ശിരസ്സെന്നും സുകുമാർ അഴീക്കോട് സി. പി. അച്യുതമേനോനെ വാഴ്ത്തുന്നു.

പുസ്തകനിരൂപണത്തെ സാഹിത്യനിരൂപണത്തിന്റെ തലത്തിലേക്ക് ഉയർത്തിയ സി. പി. അച്യുതമേനോൻ ആമുഖങ്ങളിലും അഭിപ്രായ സർട്ടിഫിക്കറ്റുകളിലും ഒതുങ്ങി നിന്ന സാഹിത്യവിശകലനത്തെ യഥാർത്ഥ വിമർശനകലയിലേക്കു മോചിപ്പിച്ചു. മലയാള നിരൂപണശാഖ വളർന്നു വികസിച്ചതും അദ്ദേഹം വെട്ടിയ വഴിയിലാണ്. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, സി. അന്തപ്പായി, ടി. കെ. കൃഷ്ണമേനോൻ, എം. കെ. ഗുരുക്കൾ, പി. ശങ്കരൻ നമ്പ്യാർ, നെടിയം വീട്ടിൽ ബാലകൃഷ്ണ മേനോൻ, കെ. ഇ. ജോബ്, ആറ്റൂർ കൃഷ്ണപ്പിഷാരടി, കെ. വാസുദേവൻ മൂസത്, പി. എസ്. അനന്തനാരായണ ശാസ്ത്രി, അപ്പൻ തമ്പുരാൻ,

മൂർക്കോത്ത് കുമാരൻ തുടങ്ങിയവരായിരുന്നു അച്യുതമേനോനു പിന്നാലേ വന്ന നിരൂപകർ. 'വിദ്യാവിനോദിനി', 'രസിക രഞ്ജിനി', 'ഭാഷാപോഷിണി' തുടങ്ങിയ സാഹിത്യമാസികകളിലെ പുസ്തക നിരൂപണങ്ങളും ലേഖനങ്ങളും വഴിയാണ് അവർ സാഹിത്യാപഗ്രഥനം നടത്തിയത്.

- ഈ ആദ്യഘട്ടത്തിൽ തിളങ്ങിനിൽക്കുന്ന പേരാണ് എ. ആർ. രാജരാജവർമയുടേത്. കവിതയിലെ ദ്വിതീയാക്ഷരപ്രാസം വേണമോ വേണ്ടയോ എന്നതിനെച്ചൊല്ലി 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലുമായി ഉണ്ടായ 'പ്രാസവാദം' എന്ന സംവാദത്തിൽ പ്രാസം വേണ്ട എന്ന ഉല്പതിഷ്ണ പക്ഷത്തായിരുന്നു രാജരാജവർമ. തന്റെ ലേഖനങ്ങളും അവതാരികകളും വഴി പുതിയ സാഹിത്യ സങ്കല്പത്തെ അദ്ദേഹം പിന്തുണച്ചു. പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യ സിദ്ധാന്തങ്ങൾ കൂട്ടിയിണക്കാനുള്ള ശ്രമം രാജരാജൻ നിർവഹിച്ചു. എന്നാൽ സാഹിത്യവിമർശനമെന്ന നിലയിൽ വളരെ കുറച്ചു മാത്രമേ അദ്ദേഹം എഴുതിയുള്ളൂ.

**രണ്ടാംഘട്ടം**

പൂർണ്ണമായും സാഹിത്യനിരൂപകൻ എന്നു വിശേഷിപ്പിക്കാവുന്ന ആദ്യത്തെ എഴുത്തുകാരൻ സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ളയായിരുന്നു. രാജരാജവർമയുടെ ശിഷ്യ പ്രധാനിയായിരുന്ന പി. കെ. ക്ലാസിക് കൃതികളോടാണു താത്പര്യം കാണിച്ചത്. തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി എന്നിവരെപ്പറ്റി അദ്ദേഹം എഴുതിയ മൂന്നു പ്രബന്ധങ്ങൾ വിമർശനത്തിന്റെ പ്രൗഢമാതൃകകളായിരുന്നു. (എന്നാൽ കുമാരനാശാന്റെ 'കരുണ'യെ 'കുചേല വൃത്തം വഞ്ചിപ്പാട്ടു'മായി താരതമ്യം ചെയ്ത് മോശപ്പെട്ട നിരൂപണത്തിനും അദ്ദേഹം മാതൃക സൃഷ്ടിച്ചിട്ടുണ്ട്). മലയാളത്തിലെ ഗൗരവപൂർണ്ണമായ ആദ്യത്തെ സമഗ്രപഠനങ്ങളായിരുന്ന

അവയിൽ 'കുഞ്ചൻ നമ്പ്യാർ' 1906 ലും 'കൃഷ്ണഗാഥാനിരൂപണം' 1915 ലും 'തുഞ്ചത്തെഴുത്തച്ഛൻ' 1930ലുമാണ് പുറത്തു വന്നത്.

കെ. ആർ. കൃഷ്ണപിള്ള, പി. അനന്തൻ പിള്ള ('കേരളപാണിനി', 'വില്യം ഷെയ്ക്സ്പിയർ', 'മിൽട്ടൻ'), കുമാരനാശാൻ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, കെ. എം. പണിക്കർ ('കവിതാ തത്ത്വനിരൂപണം'), ഐ. സി. ചാക്കോ, പി. എം. ശങ്കരൻ നമ്പ്യാർ ('സാഹിത്യലോചനം'), കുന്നത്ത് ജനാർദ്ദനമേനോൻ, ആറ്റൂർ കൃഷ്ണപ്പിഷാരടി ('മലയാള ഭാഷയും സാഹിത്യവും'), കെ. വാസുദേവൻ മൂസത്, വടക്കുംകൂർ രാജരാജവർമ, ശിരോമണി പി., കൃഷ്ണൻ നായർ ('കാവ്യജീവിതവൃത്തി') തുടങ്ങിയവരായിരുന്നു ഈ തലമുറയിലെ ശ്രദ്ധേയരായ മറ്റു നിരൂപകർ.

**മൂന്നാംഘട്ടം : കേസരി, പോൾ, മുണ്ടശ്ശേരി, മാരാർ**

സാഹിത്യനിരൂപണത്തെ ശാസ്ത്രീയവും അപഗ്രഥനാത്മകവുമായ വിചാര പദ്ധതിയാക്കി മാറ്റിയ കേസരി എ. ബാലകൃഷ്ണപിള്ള (1889 - 1960), എം. പി. പോൾ (1904 - 1952), ജോസഫ് മുണ്ടശ്ശേരി (1903 - 1977) കുട്ടികൃഷ്ണ മാരാർ (1900 - 1973) എന്നിവരാണ് മലയാള നിരൂപണശാഖയ്ക്ക് ബലിഷ്ഠമായ ചുമരുകളും മേല്പുരയും പണിഞ്ഞത്. സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള പ്രതിനിധാനം ചെയ്തിരുന്ന പഴയ നിരൂപണ സമ്പ്രദായം കേസരിയുടെ വരവോടെ അവസാനിച്ചു. സാഹിത്യ പഞ്ചാനനൻ അന്തരിച്ച 1937-ൽ ആണ് കേസരിയുടെ 'രൂപ മഞ്ജരി' എന്ന നിരൂപണ ഗ്രന്ഥം പുറത്തിറങ്ങിയത്. പി. കെ. നാരായണപിള്ള 'സാഹിത്യ പഞ്ചാനനത്വമല്ല സാഹിത്യജംബുകത്വത്തെയാണു കാണിക്കുന്നതെ'ന്ന് 1931-ൽ കേസരി പ്രഖ്യാപിച്ചിരുന്നു. വിപ്ലവകരമായിരുന്നു കേസരിയുടെ ചിന്ത. യൂറോപ്യൻ സാഹിത്യ പ്രസ്ഥാനങ്ങളെയും ഫ്രോയിഡിയൻ മാനസികാപഗ്രഥനം പോലുള്ള വിജ്ഞാനപദ്ധതികളെയും അദ്ദേഹം

കേരളത്തിനു പരിചയപ്പെടുത്തി. 'വിഗ്രഹ ഭഞ്ജനവും സ്വതന്ത്രചിന്തയും സാഹിത്യ പോഷണത്തിന് അപരിത്യാജ്യമാണെ'ന്ന് 'രൂപമഞ്ജരി'യിൽ കേസരി തീർത്തു പറഞ്ഞു.

റിയലിസത്തിനും കാല്പനികതയ്ക്കും പിന്തുണ നൽകിയ കേസരി തകഴി ശിവശങ്കരപ്പിള്ള ഉൾപ്പെടെ ഒരു പറ്റം എഴുത്തുകാരെ വാർത്തെടുക്കാനും സഹായിച്ചു. ചങ്ങമ്പുഴയ്ക്കും, ജി. ശങ്കരക്കുറുപ്പിനും ബഷീറിനും അവതാരികയെഴുതിയതും അദ്ദേഹമാണ്. നിർഭയനും നീതിമാനുമായ പത്രാധിപരുടെയും സാഹിത്യ വിമർശകന്റെയും വ്യക്തിത്വങ്ങൾ കേസരി ഒരേ സമയം കൊണ്ടു നടന്നു. ഇബ്സന്റെ നാടകമായ 'പ്രേതങ്ങൾ' (The Ghosts)സ്റ്റെൻതാളിന്റെ നോവൽ 'ചുവപ്പും കറുപ്പും', മോപ്പസാങ്ങിന്റെ 'ഒരു സ്ത്രീയുടെ ജീവിതം' തുടങ്ങിയ കൃതികൾ വിവർത്തനം ചെയ്തു. 'നവലോകം', 'നോവൽ പ്രസ്ഥാനങ്ങൾ' തുടങ്ങിയവയാണ് കേസരിയുടെ പ്രധാന കൃതികൾ.

'നോവൽ സാഹിത്യം' (1930), 'ചെറുകഥാപ്രസ്ഥാനം' (1932), എന്നീ കൃതികളിലൂടെ മലയാളത്തിലെ കഥാസാഹിത്യ വിമർശനത്തിന് അടിത്തറയിട്ടവരിലൊരാളായി എം. പി. പോൾ മാറി. കർക്കശമായ മൂല്യ വിചാരവും അയവില്ലാത്ത സൗന്ദര്യപക്ഷപാതവുമായിരുന്നു പോളിന്റെ പ്രത്യേകത. 'സൗന്ദര്യ നിരീക്ഷണം', 'സാഹിത്യ വിചാരം', 'ഗദ്യഗതി' എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റു കൃതികൾ. നോവലും ചെറുകഥയും മലയാളത്തിൽ അത്രയേറെ വ്യാപകമായിക്കഴിഞ്ഞിട്ടില്ലാത്ത കാലത്താണ് 'നോവൽ സാഹിത്യം', 'ചെറുകഥാ പ്രസ്ഥാനം', എന്നീ ലക്ഷണഗ്രന്ഥങ്ങൾ പോൾ എഴുതിയത്.

കൊടുങ്കാറ്റിന്റെ തീവ്രതയോടെയാണ് ജോസഫ് മുണ്ടശ്ശേരി സാഹിത്യവിമർശനത്തിലേക്കു കടന്നു വന്നത്. പൗരസ്ത്യകാവ്യമീമാംസയും പാശ്ചാത്യ സാഹിത്യ തത്ത്വങ്ങളും ഒരുപോലെ അദ്ദേഹത്തിന്റെ സൗന്ദര്യചിന്തയിൽ സ്വാധീനത ചെലുത്തി. പിൽക്കാലത്ത്

സാഹിത്യസൃഷ്ടിയിൽ സാമൂഹിക സ്ഥിതി ചെലുത്തുന്ന സ്വാധീനത സുപ്രധാനമാണെന്ന നിലപാടിൽ മുണ്ടശ്ശേരി എത്തിച്ചേർന്നു. 'നിരാർദ്രവും ശുഷ്കവും വസ്തുസ്ഥിതി വിവരണവുമായ ഗ്രന്ഥാലോകനത്തിൽ നിന്ന്, നിരൂപകന്റെ ആത്മവത്ത അനുപദം പ്രസ്ഫുരിക്കുന്ന, ജീവന്മയമായ ഒരന്തരീക്ഷത്തിലേക്ക് മലയാള സാഹിത്യവിമർശനത്തെ നയിച്ചതു മുണ്ടശ്ശേരിയാണെന്ന് എൻ. കൃഷ്ണപിള്ള (കൈരളിയുടെ കഥ) അഭിപ്രായപ്പെടുന്നു. കാവ്യപീഠിക, മാനദണ്ഡം, പ്രയാണം, മനുഷ്യകഥാനുഗായികൾ, രൂപഭദ്രത, കരിന്തിരി, നാടകാന്തം കവിത്വം, അന്തരീക്ഷം, പുതിയ കാഴ്ചപ്പാടിൽ, രാജരാജന്റെ മാറ്റൊലി, പാശ്ചാത്യസാഹിത്യസമീക്ഷ, നനയാതെ മീൻ പിടിക്കാമോ' തുടങ്ങിയവയാണ് മുണ്ടശ്ശേരിയുടെ കൃതികൾ.

കുട്ടികൃഷ്ണ മാരാർക്ക് ആധുനിക നിരൂപകനായ കെ. പി. അപ്പൻ നൽകിയ വിശേഷണം ഹിംസാത്മകമായ വ്യക്തിത്വം എന്നാണ്. തികഞ്ഞ സംസ്കൃതപണ്ഡിതനായിരുന്ന മാരാരുടെ ബലിഷ്ഠമായ ചിന്തയുടെ വേരുകൾ ഉറച്ചിരിക്കുന്നത് ഭാരതീയ കാവ്യമീമാംസയിലും ക്ലാസ്സിക്കൽ സാഹിത്യത്തിലുമായിരുന്നു. 'സാഹിത്യം മുഖേന ആവിഷ്കരിക്കപ്പെടുന്ന മാനസിക ജീവിതത്തിന്റെ യോഗഭേദവും മാത്രാഭേദവുമാണ് സാഹിത്യോത്കർഷത്തിന്റെ പിഴയ്ക്കാത്ത മാനദണ്ഡം' എന്നാണ് മാരാർ വാദിച്ചത്. ആത്മാനുഭൂതിക്ക് അദ്ദേഹം അളവറ്റ പ്രാധാന്യം നൽകി. കടുത്ത പക്ഷപാതങ്ങൾ മാരാർക്കുണ്ടായിരുന്നു, എന്നാൽ അത് സൗന്ദര്യത്തിനു വേണ്ടിയുള്ള പക്ഷപാതമായിരുന്നു വ്യക്തിപരമായ പക്ഷപാതമായിരുന്നില്ല. സാഹിത്യസല്ലാപം, നിഴലാട്ടം, ഇങ്ങുനിന്നങ്ങോളം, കൈവിളക്ക്, ദന്തഗോപുരം, കല ജീവിതം തന്നെ, ഋഷിപ്രസാദം, ശരണാഗതി, ഭാരതപര്യടനം, രാജാങ്കണം, സാഹിത്യവിദ്യ, ഹാസ്യ സാഹിത്യം തുടങ്ങിയവയാണ് മാരാരുടെ പ്രഖ്യാത വിമർശന കൃതികൾ. വൃത്തശില്പം, മലയാള ശൈലി,

സാഹിത്യഭൂഷണം, ഭാഷാവൃത്തങ്ങൾ, കുമാരസംഭവം (വ്യാഖ്യാനം), രഘുവംശം (വ്യാഖ്യാനം), മേഘദൃൂതം (വ്യാഖ്യാനം) എന്നീ കൃതികളുമുണ്ട്.

പാറായിൽ വി. ഉറുമീസ് തരകൻ, സി. എസ് നായർ, പി. ശങ്കരൻ നമ്പ്യാർ, ഡി. പദ്മനാഭനുണ്ണി, എം. ആർ. നായർ (സഞ്ജയൻ) തുടങ്ങിയ വിമർശകർ ഈ കാലഘട്ടത്തിന്റെ ആരംഭം മുതൽ രചനയാരംഭിച്ചവരാണ്. തനതായ വ്യക്തിത്വമുള്ള നിരൂപകരാണ് ഇവർ ഓരോരുത്തരും. കുരുവാൻതൊടി ശങ്കരനെഴുത്തച്ഛൻ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ, കുറ്റിപ്പുഴ കൃഷ്ണപിള്ള, സി. ജെ. തോമസ്, വക്കം അബ്ദുൾ ഖാദർ, എസ്. ഗുപ്തൻ നായർ, കെ. ദാമോദരൻ, കെ. ഭാസ്കരൻ നായർ, പി. കെ. നാരായണപിള്ള, സുകുമാർ അഴീക്കോട്, പി. കെ പരമേശ്വരൻ നായർ. എസ്. കെ. നായർ, കെ. എം. ജോർജ്, എം. കൃഷ്ണൻ നായർ, പി. ദാമോദരൻ പിള്ള, കെ. എം. ഡാനിയൽ, കെ. പി. നാരായണപ്പിഷാരടി, കെ. ബാലരാമപ്പണിക്കർ, ഇ. വി. ദാമോദരൻ, പി. എ. വാരിയർ, കെ. സുരേന്ദ്രൻ, എം. ശ്രീധരമേനോൻ, എം. ലീലാവതി, എം. കെ. സാനു, എം.പി. ശങ്കുണ്ണിനായർ, എൻ. കൃഷ്ണപിള്ള, കെ. രാഘവൻ പിള്ള, പി. കെ. ബാലകൃഷ്ണൻ, എം. അച്യുതൻ, കെ. എം. തരകൻ, എം. എൻ. വിജയൻ, ഇ. എം. എസ്. നമ്പൂതിരിപ്പാട്, പി. ഗോവിന്ദപ്പിള്ള, തായാട്ടു ശങ്കരൻ, കെ. പി. ശരത് ചന്ദ്രൻ, കെ. പി. ശങ്കരൻ, എം. ആർ. ചന്ദ്രശേഖരൻ, എൻ. വി. കൃഷ്ണവാരിയർ തുടങ്ങിയ വലിയൊരു നിര കൂടിയാലേ നിരൂപണത്തിന്റെ മൂന്നാംഘട്ടം പൂർത്തിയാകുന്നുള്ളൂ.

ഈ ഗണത്തിൽ സവിശേഷപ്രാധാന്യമുള്ള വിമർശകരാണ് കുറ്റിപ്പുഴ കൃഷ്ണപിള്ള, എസ്. ഗുപ്തൻ നായർ, കെ. ഭാസ്കരൻ നായർ, സുകുമാർ അഴീക്കോട്, എം. കൃഷ്ണൻ നായർ, എം. ലീലാവതി, എം. അച്യുതൻ, എം. എൻ. വിജയൻ എന്നിവർ. തികഞ്ഞ യുക്തി ചിന്തയാണ് കുറ്റിപ്പുഴയുടെ

വിമർശനത്തിന്റെ കാതൽ. സാഹിതീയം വിചാരവിപ്ലവം, വിമർശരശ്മി, ഗ്രന്ഥാവലോകനം, ചിന്താതരംഗം തുടങ്ങിയവ പ്രധാനകൃതികൾ. വിമർശനത്തിലെ സൗമ്യമായ മധ്യമാർഗത്തിന്റെ ഉപാസകനായിരുന്നു എസ്. ഗുപ്തൻ നായർ. സുദീർഘമായ സാഹിത്യജീവിതത്തിൽ അദ്ദേഹം ഒട്ടേറെ കൃതികൾ രചിച്ചു. ആധുനിക സാഹിത്യം, സമാലോചന, ഇസങ്ങൾക്കപ്പുറം, തിരയും ചുഴിയും, കാവ്യസ്വരൂപം, നവമാലിക, സൃഷ്ടിയും സ്രഷ്ടാവും, അസ്ഥിയുടെ പൂക്കൾ, ഗദ്യം പിന്നിട്ട വഴികൾ, സമാലോചനയും പുനരാലോചനയും തുടങ്ങിയവ മുഖ്യകൃതികൾ. ഖണ്ഡനവിമർശനമാണ് സുകുമാർ അഴീക്കോടിന്റെ രീതി. ധൈഷണികതയും പ്രഭാഷകത്വവും അദ്ദേഹത്തിന്റെ രചനയിൽ മുന്നിട്ടു നിൽക്കുന്നു. ആശാന്റെ സീതാകാവ്യം, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, രമണനനും മലയാള കവിതയും, പുരോഗമന സാഹിത്യവും മറ്റും വായനയുടെ സ്വർഗത്തിൽ, മലയാള സാഹിത്യപഠനങ്ങൾ, വിശ്വസാഹിത്യപഠനങ്ങൾ, ഖണ്ഡനവും മണ്ഡനവും, മലയാള സാഹിത്യവിമർശനം തുടങ്ങിയവ മുഖ്യകൃതികൾ.

സമൃദ്ധമായ രചനാജീവിതത്തിനുടമയാണ് എം. ലീലാവതി. സ്ത്രീകൾ വളരെ കുറച്ചു മാത്രമുള്ള മലയാള നിരൂപണത്തിൽ പാണ്ഡിത്യം കൊണ്ടും രചനാ വൈപുല്യം കൊണ്ടും ലീലാവതി വേറിട്ടു നിൽക്കുന്നു. കവിതാധ്വനി, ജി.യുടെ കാവ്യജീവിതം, നവതരംഗം, അമൃതമശ്നുതേ, കവിതയും ശാസ്ത്രവും, മൂല്യസങ്കല്പങ്ങൾ, സത്യം ശിവം സുന്ദരം, വർണരാജി തുടങ്ങിയവ പ്രധാന കൃതികൾ. 'സാഹിത്യവാരഫലം' എന്ന പ്രശസ്തമായ സാഹിത്യനിരൂപണ പംക്തിയാണ് എം. കൃഷ്ണൻ നായരെ പ്രശസ്തനാക്കിയത്. മലയാള നാട്, കലാകൗമുദി, മലയാളം വാരിക എന്നിവയിലായി മുപ്പത്തേഴുവർഷത്തോളം അദ്ദേഹം മുടക്കം കൂടാതെ വാരഫലമെഴുതി. ലോകസാഹിത്യത്തിലെ ഏറ്റവും പുതിയ കൃതികൾ വരെ പരിചയപ്പെടുത്തിയ കൃഷ്ണൻ

നായർ അവയുടെ വെളിച്ചത്തിൽ മലയാളത്തിലെ ആനുകാലിക രചനകളെ നിർദ്ദയം വിലയിരുത്തി. മിത്രങ്ങളെക്കാൾ കൂടുതൽ ശത്രുക്കളെ സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ സമഗ്രപഠനങ്ങൾക്കോ സ്വകീയമായ സാഹിത്യ നിലപാടുകളുടെ രൂപവത്കരണത്തിനോ അദ്ദേഹം ശ്രമിച്ചില്ല.

ഒരു ശബ്ദത്തിൽ ഒരു രാഗം, കറുത്ത ശലഭങ്ങൾ, സ്വപ്നമണ്ഡലം, പ്രകാശത്തിന് ഒരു സ്തുതിഗീതം, ഏകാന്തതയുടെ ലയം, ശരത്കാല ദീപ്തി, വായനക്കാരാ നിങ്ങൾജീവിച്ചിരിക്കുന്നുവോ തുടങ്ങിയവയാണ് പ്രധാന കൃതികൾ.

## ➢ കർണന്റെ അരങ്ങേറ്റം

- മലയാളത്തിലെ വിമർശന സാഹിത്യത്തിലെ പ്രധാനിയാണ് കുട്ടികൃഷ്ണമാരാർ
- 1900 ജൂൺ 14നാണ് കെ.എം. കുട്ടികൃഷ്ണമാരാർ ജനിച്ചത്. 1973 ഏപ്രിൽ ആറിന് മാരാർ അന്തരിച്ചു
- 1942 ൽ പുറത്തിറങ്ങിയ “മലയാള ശൈലി”യാണ് കുട്ടികൃഷ്ണമാരാരുടെ ആദ്യകൃതി
- സാഹിത്യ സല്ലാപം, രാജാങ്കണം, സാഹിത്യവിദ്യ, ചർച്ചായോഗംഭാരതപര്യടനം, കല ജീവിതം തന്നെ തുടങ്ങിയവ പ്രധാന കൃതികൾ

- കർണന്റെ അരങ്ങേറ്റം എന്ന ഈ ലേഖനം മഹാഭാരതത്തെ ഉപജീവിച്ച് എഴുതിയ ഭാരതപര്യടനം എന്ന വിമർശന കൃതിയിലാണ് ഉള്ളത്

- കർണ്ണന്റെ ഔന്നത്യവും ദാനശീലവും കണ്ടെടുക്കുന്ന ലേഖനമാണിത്
- പാണ്ഡവരും കൗരവരും തങ്ങളുടെ ആയുധാഭ്യാസം കഴിഞ്ഞതിനു ശേഷം അരങ്ങേറ്റം നടത്തുന്ന സന്ദർഭം വിവരിച്ചാണ് ലേഖനം ആരംഭിക്കുന്നത്

- അർജുനന്റെയും ഭീമന്റെയും ഗദായുദ്ധത്തിനു ശേഷം ദ്രോണർ അർജുനനെ രംഗത്തിറക്കുന്നു
- അർജുനൻ അഗ്നേയാസ്ത്രം കൊണ്ട് തീയുണ്ടാക്കിയും വാരുണാസ്ത്രം കൊണ്ട് വെള്ളമുണ്ടാക്കിയും ഭവമം കൊണ്ട് ഭൂമിയിൽ ആണ്ടും അന്തർധാനം കൊണ്ട് മറഞ്ഞു ക്ഷണനേരം കൊണ്ട് കുറിയവനും വലിയവനുമായും മട്ടൻ ചുറ്റുന്ന ലോഹവരാഹത്തിന്റെ വായിൽ 5 അമ്പുകൾ എയ്തു തറച്ചും തൻറെ വൈദഗ്ധ്യം പ്രകടിപ്പിച്ചു
- സദസ്സ് അത്ഭുതപ്പെട്ട് നിൽക്കുന്ന സന്ദർഭത്തിൽ അങ്ങോട്ടേക്ക് കവചകുണ്ഡലങ്ങളോടുകൂടിയ കർണ്ണൻ നടന്നടത്തു

- കുന്തി കന്യകയായിരിക്കുമ്പോളുണ്ടായ പുത്രനാണ് കർണ്ണൻ
- അർജുൻ ചെയ്ത എല്ലാ വിദ്യകളും മെച്ചപ്പെട്ട നിലയിൽ താൻ കാണിക്കാമെന്ന് കർണ്ണൻ വെല്ലുവിളിച്ചു
- പാണ്ഡവരുടെയും കൗരവരുടെയും ഗുരുവായ ദ്രോണരുടെ അനുമതിയോട് കൂടി കർണൻ പറഞ്ഞ വിധം ചെയ്തു കാണിക്കുകയും ചെയ്തു

- തുടർന്ന് പരസ്പരം പോർവിളിച്ച് അർജുനനും കർണനും ദ്വന്ദ്വയുദ്ധത്തിൽ ഇറങ്ങുന്നു

- അർജുനന്റെ പിതാവായ ദേവേന്ദ്രനും കർണന്റെ പിതാവായ സൂര്യനും മക്കളുടെ യുദ്ധം കാണാൻ ആകാശത്ത് എത്തി

- ഈ കാഴ്ച കാണാൻ വയ്യാതെ കുന്തി ബോധംകെട്ടി വീണു

- ഈ സമയത്ത് അർജുനന്റെ വംശ പാരമ്പര്യം പറയുകയും കാരണവനോട് രാജവംശത്തിന്റെയും

അച്ഛനമ്മമാരുടെയും പാരമ്പര്യം പറയാൻ ആവശ്യപ്പെടുകയും ചെയ്തു

- ഈ സമയത്ത് പരാജിതനായി പോകുന്ന കർണ്ണനെ സഹായിക്കാൻ ദുര്യോധനൻ മുന്നോട്ടുവരികയും കർണനെ തന്റെ അംഗ രാജ്യത്തിൻറെ രാജാവായി വാഴ്ത്തുകയും ചെയ്തു.

- ആ രംഗത്തേക്ക് വിയർത്തൊലിച്ച് കർണന്റെ വളർത്തച്ഛനായ അധിരഥൻ കടന്നുവന്നപ്പോൾ കർണ്ണൻ വില്ല് താഴെ വെച്ച് ശിരസ്സുകൊണ്ട് അദ്ദേഹത്തെ നമസ്കരിച്ചു
- ഇവിടെ കർണ്ണന്റെ ജാതി തെളിഞ്ഞു എന്ന രീതിയിൽ സൂതന്റെ മകനെ എന്ന് വിളിച്ചു ഭീമൻ കണ്ണനെ പരിഹസിച്ചു
- ഈ സന്ദർഭത്തിൽ ദുര്യോധനൻ ഇടപെടുകയും ഇത്രയും ലക്ഷണമൊത്ത ഒരു പുരുഷൻ സാധാരണക്കാർക്ക് ജനിക്കില്ല എന്നും ദിവ്യ ലക്ഷണങ്ങളായ കവചകുണ്ഡലങ്ങളോടുകൂടിയ ഈ നദിയെപ്പറ്റത് ഒരു മാൻപേടയാകുമോ എന്നും ചോദിച്ചു
- ഈ രംഗത്തെ സിനിമാസ്ക്രീനിൽ കാണിക്കുന്ന രീതിയിലാണ് വ്യാസൻ അവതരിപ്പിച്ചിട്ടുള്ളത് എന്നാണ് മാരാർ പറയുന്നത്
- കൗരവരുടെയും പാണ്ഡവരുടെയും കുട്ടിക്കാലത്തുള്ള വൈരം ഭാവിയിൽ കുരുക്ഷേത്രയുദ്ധത്തിലേക്ക് പടരുന്ന തരത്തിലുള്ള കുടുംബ മത്സരമായി വളർന്നുവരുന്ന ഈ ഒരു സന്ദർഭം അസാധ്യമായ നാടകീയ ഭംഗിയോട് കൂടിയാണ് അവതരിപ്പിച്ചിട്ടുള്ളത്

- ഭീമന്റെയും ദുര്യോധനയും ദ്വന്ദ്വയുദ്ധവും തുടർന്ന് അർജ്ജുനൻറെ രംഗപ്രവേശവും കണ്ണൻറെ വെല്ലുവിളിയും സൂര്യന്റെയും ഇന്ദ്രൻ്റേയും പക്ഷഭേദപരമായ സമീപനവും പക്ഷഭേദം കാണിക്കാൻ സാധിക്കാതെ കുണ്ടി ബോധംകെട്ടി വീഴുന്നതുമായ ഭാവഗണന

വ്യാസന്റെ മികച്ച സൃഷ്ടിയുടെ ഉദാഹരണമായി മാരാർ കാണുന്നു

- കർണ്ണന്റെ രംഗപ്രവേശനവും അർജുനനും ഭീമനും പരിഹസിക്കുന്നതും എന്നാൽ കർണ്ണന്റെ ശക്തിയും ദുര്യോധനന്റെ ചേർത്തു പിടിക്കലും അത്യന്തം നാടകീയമായിട്ടാണ് വ്യാസൻ അവതരിപ്പിച്ചിട്ടുള്ളത്

- അപ്രതീക്ഷിതമായി രാജപദവി കിട്ടിയെങ്കിലും കർണ്ണൻ തന്റെ വളർത്തച്ഛനെ ബഹുമാനിക്കുന്നു. യഥോചിതം ആചാരമനുഷ്ഠിക്കുന്നു.

- വിനയ ശീലമാണ് കർണ്ണന്റെ മഹത്വം . ആപത്തിൽ നിന്ന് തന്നെ രക്ഷിച്ച അങ്ങേയറ്റം കടപ്പാടുള്ളവനായി കർണ്ണൻ മാറുന്നു

- കർണന്റെ ദാനശീലത്തെ കൂടി ഇവിടെ പ്രതിപാദിക്കുന്നുണ്ട്

- തൻറെ രക്ഷയുടെ മാർഗമായ കവചകുണ്ഡലങ്ങൾ അർജ്ജുനന് വേണ്ടി ഇന്ദ്രൻ തന്ത്രപരമായി ചോദിച്ചു വാങ്ങുമ്പോൾ ചതിയാണെന്നറിഞ്ഞിട്ടും അത് നൽകാൻ കർണൻ തയ്യാറാവുന്നു

- ഇന്ദ്രനോട് അഭ്യർത്ഥിച്ചുവാങ്ങിയ ഒരൊറ്റ ആളെ കൊല്ലുവാൻ മാത്രം ഉപയോഗിക്കാവുന്ന അസ്ത്രം അർജുനനെ കൊല്ലുവാൻ വേണ്ടി മാറ്റിവെച്ചുവെങ്കിലും യുദ്ധഭൂമിയിൽ നാശം വിതച്ച ഘടോൽക്കചനെ കൊല്ലാനായി പ്രയോഗിക്കാൻ ദുര്യോധനൻ്റെ ആവശ്യപ്രകാരം കർണൻ തയ്യാറാകുന്നു
- ഇങ്ങനെ ദാനശീലത്തെ പറ്റിയും മാരാർ വാചാലനാകുന്നു
- മഹാഭാരതത്തിൽ അർഹിക്കുന്ന പരിഗണ കിട്ടാതെ പോയ കർണന്റെ മഹാത്മ്യം വെളിപ്പെടുത്തുകയാണ് മാരാർ ചെയ്യുന്നത്

## 2 : മരണത്തിൻറെ കവിത- വി രാജകൃഷ്ണൻ

- ആധുനിക സാഹിത്യത്തിലെ വിമർശകനാണ് വി രാജകൃഷ്ണൻ
- കഥാസാഹിത്യമാണ് രാജകൃഷ്ണന്റെ പ്രധാന വിമർശന മേഖല
- രോഗത്തിൻറെ പൂക്കൾ, ആളൊഴിഞ്ഞ അരങ്ങ്,കാഴ്ചയുടെ അശാന്തി, മറുതിര കാത്തു നിന്നപ്പോൾ, നഗ്ന യാമിനികൾ, വിതുമ്പുന്ന പാനപാത്രം തുടങ്ങിയവയാണ് പ്രധാന കൃതികൾ
- പ്രശസ്ത എഴുത്തുകാരി മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം എന്ന കഥയെ മുൻനിർത്തിയുള്ള വിമർശന ലേഖനമാണ് ഇത്
- ബിംബങ്ങളെയും പ്രതിരൂപങ്ങളെയും കണ്ടെത്തി കഥയുടെ ആന്തരിക ലോകത്തെ വിശകലനം ചെയ്യുന്നുണ്ട് ഈ ലേഖനത്തിൽ
- കഥ,-കൽക്കത്തയിലെ ഒരു ടെക്സ്റ്റൈൽ കമ്പനിയുടെ ഉദ്യോഗ പ്പരസ്യംകണ്ട് വീട്ടിൽനിന്ന് ഇറങ്ങിത്തിരിക്കുന്ന കഥാനായിക ഏഴു നിലകളുള്ള ഒരു കൂറ്റൻ കെട്ടിടത്തിൽ എത്തിപ്പെടുന്നു.
- കെട്ടിടത്തിന്റെ ഒന്നാം നിലയിൽ Dying എന്ന് എഴുതിവച്ച ഒരു മുറിയിൽ അപരിചിത

നായൊരു ചെറുപ്പക്കാരൻ മദ്യപിച്ചുകൊണ്ടിരിക്കുന്നത് അവൾ കാണുന്നു.

- അയാൾ ധരിച്ചിട്ടുള്ള വെണ്ണനിറത്തിലുള്ള ബുഷ് ഷർട്ടും അയാളുടെ കനത്ത രോമങ്ങൾ വളർന്നു നിൽക്കുന്ന ശക്തമായ കൈവിരലുകളും അവളിൽ ആദ്യം തന്നെ പരിഭ്രമമുണർത്തുന്നു.
- അവൾ കരുതിയതുപോലെ തുണിക്കു ചായംകൊടുക്കലല്ല (Dyeing) മറിച്ച് മരണം ഏർപ്പെടുത്തിക്കൊടുക്കലാണ് തന്റെ ജോലിയെന്ന് അയാൾ അവളോട് പറയുന്നു.
- തുടർന്ന് അയാൾ മരണത്തിന്റെ മനോഹാരിതകളെക്കുറിച്ച് സംസാരിച്ചു തുടങ്ങുന്നു. ഒടുവിൽ തനിക്കു മരിക്കാൻ സമയമായില്ല എന്ന് തീരുമാനിച്ച് അയാളോട് യാത്ര പറഞ്ഞതിനുശേഷം അവൾ ധൃതിയിൽ താഴത്തേക്കുള്ള ലിഫ്റ്റിൽ കയറിക്കൂടുന്നു. അതൊരു കേടുവന്ന ലിഫ്റ്റായിരുന്നു.
- അതിനുള്ളിലെ മുഴക്കത്തിൽനിന്നും ഇരുട്ടിൽനിന്നും അവൾ പുറത്തു കടക്കുകയുണ്ടായില്ല.
- ഇതാണ് പക്ഷിയുടെ മണം എന്ന കഥയുടെ സംഗ്രഹം
- മാധവിക്കുട്ടിയുടെ കഥാശൈലിക്ക് ക്രമാനുഗതമായ വളർച്ചയോ വികാസമോ ഉണ്ടെന്ന് പറയാൻ കഴിയില്ല.
- രചനയുടെ തുടക്കം മുതൽ തന്നെ ഒരു തെറ്റിൽനിന്ന് മറ്റൊരു തെറ്റിലേക്ക് വഴുതിവീഴുന്ന സ്ത്രീ കഥാപാത്രങ്ങളെ നേരിയ ക്രൂരത കലർന്ന സഹാനുഭൂതിയോടെ നോക്കിക്കാണുന്ന ഒരെഴുത്തുകാരിയെ തുടക്കം മുതൽ തന്നെ മാധവിക്കുട്ടിയിൽ കാണാം.
- ആദ്യകാലത്ത് മാധവിക്കുട്ടി കഥകളിൽ ഉപയോഗിച്ചിരുന്നത് ഒരുതരം മൗനത്തിന്റെ ഭാഷയായിരുന്നു. എന്നാൽ പിന്നീട് അത് നീണ്ട

രോദനമായി വളരുന്നത് കാണാം എന്ന് വി രാജക്ഷൻ നിരീക്ഷിക്കുന്നുണ്ട്

- യാഥാർത്ഥ്യത്തിന്റെയും ഭ്രമാത്മകതയുടെയും ലോകങ്ങൾ ക്കിടയിലാണ് "പക്ഷിയുടെ മണം' എന്ന കഥ ചുരുൾ നിവരുന്നത്.

- ടെക്സ്റ്റൈൽസ് കമ്പനിയുടെ ഓഫീസ് തേടി നടക്കുന്ന നായിക തെറ്റായ ബോർഡ് തൂക്കിയ മുറിയിൽ ചെന്നെത്തുന്നതും അവിടെയിരുന്ന് ഉറങ്ങിപ്പോകുന്നതും കഥയിലെ ഭ്രമാത്മകമായ ലോകത്തിന്റെ പശ്ചാത്തലമാകുന്നുണ്ട്.

- മാധവിക്കുട്ടി കഥകളിൽ പൊതുവേ പിന്തുടരുന്ന ചെറിയ സംഭാഷണങ്ങളും ചിന്താശകലങ്ങളും ഈ കഥയിൽ ഇല്ല

- ജോലി തേടിയെത്തിയ നായിക മരണത്തിൻറെ വിശുദ്ധ ലോകത്തേക്ക് നയിക്കപ്പെടുന്നു

- ചെറുപ്പക്കാരൻ അവതരിപ്പിക്കുന്ന മരണത്തിന് ലോകം മോഹിപ്പിക്കുന്നതാണ്

- സ്നേഹത്തിൻറെ അന്തിമമായ സാഫല്യം മരണമാണെന്ന് കഥയിൽ പറയുന്നു

- ബിംബങ്ങളും പ്രതിരൂപങ്ങളും ഉപയോഗിച്ചാണ് മാധവിക്കുട്ടി കഥാഖ്യാനം നിർവഹിച്ചിട്ടുള്ളത്

- പക്ഷേ എന്നെ പ്രത്യേകം മാലിക്കുട്ടിയുടെ കഥകളിലും ആത്മകഥയിലും ആവർത്തിക്കുന്നുണ്ട്

- കഥയിൽ ചെറുപ്പക്കാരൻ ഷൂസ് കൊണ്ട് ചവിട്ടി അരച്ച പക്ഷിയുടെ കഥ വിവരിക്കുന്നു

- നായികയ്ക്ക് ചെറുപ്പക്കാരനോട് ഭയവും ചില സമയങ്ങളിൽ ലൈംഗികാസക്തിയും തോന്നുന്ന സൂചനകൾ കഥയിലുണ്ട്

- ചെറുപ്പക്കാരന്റെ ശരീര വർണ്ണന അയാൾ സംസാരിച്ചതിനുശേഷം ഉള്ള ഇരുവരുടെയും ശരീരചലനങ്ങളുടെ വിവരണം എന്നിവ സംഭോഗ സൂചനകൾ നൽകുന്നു

- നായികയുടെ മരണം ലൈംഗികാസക്തിയുടെ ഉച്ചാവസ്ഥയെയും പരമമായ സ്വാതന്ത്ര്യത്തെയും സൂചിപ്പിക്കുന്നതായി രാജകൃഷ്ണൻ നിരീക്ഷിക്കുന്നു

- ലിസ്റ്റും മരണത്തെയും നഗരത്തിലെ എന്ത് സംസ്കാരത്തിന്റെയും പ്രതീകമാണെന്നും പറയുന്നു
- ഈ കഥയിലെ നായിക വിവാഹിതയാണ്. ദാമ്പത്യ ജീവിതത്തിൽ അവൾ അസ്വാതന്ത്രയാണ് എന്ന് കഥ പറഞ്ഞുവെക്കുന്നുണ്ട്

- ചെറുപ്പക്കാരന്റെ സാന്നിധ്യത്തിൽ അനുഭവിക്കുന്ന സ്വാതന്ത്ര്യം നായിക തട്ടി കളയുന്നു

- തന്നെ മനസ്സിലാക്കാത്ത ഭർത്താവിനും സ്നേഹത്തിൻറെ അക്കരെപ്പച്ച കാണിച്ചു വശീകരിക്കുന്ന കാമുകനും ഇടയിൽ ഉഴറുന്ന നിരവധി കഥാപാത്രങ്ങൾ മാധവിക്കുട്ടി എഴുതിയിട്ടുണ്ട്.

- സ്ത്രീയുടെ കർത്തൃത്വം അഭിമുഖീകരിക്കുന്ന സംഘർഷങ്ങളെയാണ് ഈ കഥയിലും ആവിഷ്കരിച്ചിട്ടുള്ളത്

- രോഗാവസ്ഥയിലാണ് മാധവിക്കുട്ടി ഈ കഥ എഴുതിയത്. രോഗവും മരണവും ജനിപ്പിച്ച സവിശേഷമായ ഭാവനപീഡയിലാണ് ഈ കഥ രചിക്കപ്പെടുന്നത്

- മാധിക്കുട്ടിയുടെ ജീവിതത്തിൽ ഉണ്ടായ അനുഭവങ്ങളെ സർഗാത്മകമായി വിശകലനം ചെയ്യുകയാണ് മാധവിക്കുട്ടി തന്റെ കൃതികളിലൂടെ ചെയ്യുന്നത് എന്നും രാജകൃഷ്ണൻ പറഞ്ഞുവയ്ക്കുന്നു...

3: **സർപ്പങ്ങൾ--വി. സി ശ്രീജൻ**

- ആധുനിക - ആധുനികാനന്തര ഘട്ടത്തിൽ വിമർശന സാഹിത്യത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ നിരൂപകനാണ് വി.സി ശ്രീജൻ

- അപനിർമ്മാണം, അസ്തിത്വവാദം, ചിഹ്ന വിജ്ഞാനീയം, മനോവിശ്ലേഷണം തുടങ്ങിയ ആത്മീകാനന്ദര സാഹിത്യ വിമർശനത്തിലെ പ്രധാന സങ്കല്പങ്ങളെ മുൻനിർത്തി നിരൂപണം നിർവഹിച്ചു

- ആധുനികോത്തരം വിശകലനവും വിമർശനവും, വിമർശനാത്മക സിദ്ധാന്തം, ചിന്തയിലെ രൂപകങ്ങൾ, അർത്ഥാന്തരന്യാസം, തുടങ്ങിയവയാണ് പ്രധാന കൃതികൾ

- വൈലോപ്പിള്ളി എഴുതിയ സർപ്പക്കാട് എന്ന കവിതയെ വിമർശന വിധേയമാക്കുകയാണ് ഈ ലേഖനത്തിൽ

- പാരമ്പര്യത്തോടുള്ള വൈലോപ്പിള്ളിയുടെ സംഘർഷമാണ് സർപ്പക്കാട് എന്ന കവിത

- പാരമ്പര്യത്തിൽ നിന്ന് പുതിയ കാലത്തിൻറെ വികസനത്തിലേക്ക് ശാസ്ത്രത്തിലേക്കും യുക്തിവാദത്തിലേക്കും തൻറെ മകനെ നയിക്കുന്ന അച്ഛനെയാണ് കവിതയിൽ കാണുന്നത്.

- ഇത് വൈലോപ്പിള്ളിയിൽ കാണുന്ന പഴമയുടെയും പുതുമയുടെയും സംഘർഷമാണെന്നാണ് നിരൂപകൻ പറയുന്നത്

- പാരമ്പര്യത്തിന് പകരം പുരോഗമനത്തെ സ്ഥാപിക്കുക മാത്രമല്ല പഴമയും പുതുമയും തമ്മിലുള്ള സംഘർഷങ്ങളെ ചിത്രീകരിക്കുകയും കൂടി ചെയ്യുന്നുണ്ടെന്ന നിഗമനത്തിലേക്ക് അദ്ദേഹം എത്തുന്നത്

- അബോധം എന്ന സൈദ്ധാന്തിക സങ്കല്പനത്തെ കൂട്ടുപിടിച്ച് കവിതയിലെ പ്രയോഗങ്ങളിൽ നിന്ന് അബോധത്തിൻ്റെ പ്രവർത്തനത്തെ കണ്ടെടുക്കുന്നു

- അതിസങ്കീർണമായ ഒരു അബോധപ്രതിരൂപമാണ് സർപ്പക്കാടെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

- കാട്ടിൽ നിന്നും നാട്ടിലേക്ക് പരിണമിച്ചെത്തിയ മനുഷ്യരുടെ അബോധത്തിലെ വനസ്മൃതികളിലേക്കാണ് കവിതയിലെ കുടുമ എന്ന ബിംബം നീളുന്നത് എന്ന നിരീക്ഷണം ഇതിനുദാഹരണമാണ്

- കവിതയിൽ അവതരിപ്പിക്കുന്ന പാമ്പുകളും അദൃശ്യമായ ഭയത്തിന്റെ അബോധ പ്രതിരൂപമായി പ്രവർത്തിക്കുന്നുണ്ട്

- സർപ്പക്കാട് എന്ന പ്രതീകം മനുഷ്യരുടെ അബോധത്തിലെ പുരാവൃത്തങ്ങളെ ധ്വനിപ്പിക്കുന്നു

- സിഗ്മൻറ് ഫ്രോയിഡ് മനശാസ്ത്ര സൈദ്ധാന്തികൻ്റെ അബോധ ചിന്തകളെ കൂട്ടുപിടിച്ച് സർപ്പം എന്നത് ലൈംഗികതയുടെ പ്രതീകമായും ചെറുപ്പക്കാർ തേടിയിറങ്ങുന്ന കവിയുടെയും ഏട്ടന്റെയും പ്രവർത്തിയെ കുട്ടിക്കാലത്തെ ലിംഗ ജിജ്ഞാസയുടെ പ്രകടനമായും ശ്രീജൻ കണ്ടെടുക്കുന്നു

- രഹസ്യങ്ങളുള്ള / ഭയപ്പെടുത്തുന്ന കാടിനെ യോനി സദൃശ്യമായ ബിംബമായാണ് വായിക്കുന്നത്

- നാലാംഖണ്ഡത്തിലെ സ്വപ്നത്തിൻ്റെ വർണ്ണനയെ മഹായോനീരൂപത്തിൻ്റെ അവബോധമായും അബോധത്തിന്റെ ചിത്രീകരണമായും നിരീക്ഷിക്കുന്നു.

- പാതാളം എന്ന പ്രതീകം ഗർഭത്തെ അനുസ്മരിപ്പിക്കുന്നതാണെന്നും കവിതയിലെ സർപ്പങ്ങൾ പാതാളത്തിൽ ഒതുങ്ങിക്കൂടിയവരാണെന്നും എന്നാൽ കുട്ടിയുടെ ഭാവനയിൽ പാതാളത്തിൽ നിന്നും സർപ്പങ്ങൾ പുറത്തുവരികയാണെന്നും ആ പടിവാതിൽ യോനീമാർഗ്ഗത്തെ അനുസ്മരിപ്പിക്കുന്നതാണെന്നും അതോടെ പുറത്തെത്തുന്ന സർപ്പങ്ങൾ ആനന്ദത്തിന്റെ ധ്വനികൾ ആണെന്നും ശ്രീജൻ നിരീക്ഷിക്കുന്നു.

- സ്വപ്നത്തിലെയും ഐതീഹ്യത്തിലെയും നാഗങ്ങളുടെ വ്യത്യസ്ത തയും ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

- ഐതിഹ്യങ്ങളിൽ പ്രതികാരമൂർത്തിയായ നാഗങ്ങളാണെങ്കിൽ സ്വപ്നത്തിൽ / ഭാവനയിൽ അവ മനുഷ്യരൂപം പ്രാപിച്ച നാഗങ്ങളാണ്

- മനുഷ്യൻ്റെ അബോധത്തിൽ നിന്നും പുറത്താക്കപ്പെട്ട്, നാഗരൂപം സ്വീകരിക്കുന്ന ഇരുട്ടിൻ്റെ ശക്തികൾ അതേ അബോധ ത്തിലേക്ക് മനുഷ്യവേഷത്തിൽ തിരിച്ചെത്തുന്നു എന്ന നിരീക്ഷണമാണ് ശ്രീജൻ ഈ സന്ദർഭത്തിൽ നടത്തുന്നത്. കവിതയിലെ ഇരുട്ടിനെയും വെളിച്ചത്തിനെയും അജ്ഞാനവും ജ്ഞാനവും തമ്മിലുള്ള ബന്ധമായാണ് കാണുന്നത്.

- അഭാവം എന്ന സൈദ്ധാന്തിക സങ്കല്പനത്തെ കൂട്ടുപിടിച്ച് സർപ്പം യഥാർത്ഥത്തിൽ ഇല്ലായെന്നും സർപ്പക്കാവിൽ പാമ്പുറ മാത്രമാണ് കാണുന്നതെന്നും സ്വപ്നത്തിൽ പല തരത്തിലുള്ള സർപ്പങ്ങളെ കാണുന്നുവെങ്കിലും എഴുന്നേൽക്കു മ്പോൾ നാഗത്തിന്റെ സ്ഥാനത്ത് പുഴുക്കൾ മാത്രമേയുള്ളുവെന്നും കഥയിലും ഭാവനയിലും അല്ലാതെ മറ്റൊരുത്തൻ സർപ്പങ്ങളില്ല എന്നും ഇങ്ങനെ സർപ്പങ്ങളുടെ അഭാവമാണ് സർപ്പക്കാവിനെ നിർമിക്കുന്നതെന്നും ശ്രീജൻ പറഞ്ഞുവയ്ക്കുന്നു

- ഈ സർപ്പ ഭയം പൈതൃകമായി തലമുറകൾക്ക് കൈമാറുന്നു

- യുക്തിബോധം കൊണ്ട് സാമൂഹിക തലത്തിൽ നിന്നും ഈ ഭയം ഇല്ലാതാവുന്നില്ല

- അങ്ങനെ സർപ്പങ്ങൾ ഒരേസമയം അസന്നിഹിതരും അബോധത്തിൽ സന്നിഹിതരുമായിത്തീരുന്നു

- ആധുനികതയുടെ കമ്പോള ലക്ഷ്യത്തെയും ഈ ലേഖനത്തിൽ കണ്ടെടുക്കുന്നുണ്ട്

- സർപ്പക്കാവുകൾ ഇല്ലാതാക്കി അവിടെ വരുന്ന വാണിജ്യവിളകൾ ശാസ്ത്രബോധത്തിന്റെ മുന്നേറ്റമല്ല എന്നും അത് കൃഷിയുടെ വാണിജ്യ ചിന്തയുമാണെന്നും ഈ ലേഖനം പറഞ്ഞു വെക്കുന്നു

- സർപ്പക്കാടുകൾ വെട്ടി അരിഞ്ഞതുകൊണ്ടുമാത്രം ഭയമില്ലാതാക്കാൻ സാധിക്കുന്നില്ല

- പുതിയകാലത്ത് കുട്ടി കളിച്ചു കൊണ്ടുവരുമ്പോൾ അച്ഛനോട് എൻറെ ചോദിക്കാൻ ഭാവിക്കുന്നു. ആ സന്ദർഭത്തിൽ ചോദ്യം പുറത്തു വരുന്നതിനു മുമ്പേ ഒട്ടും പേടിക്കേണ്ട എൻ മകനെ എന്ന് പറഞ്ഞ് അത് ഞാഞ്ഞൂലാണെന്നും പുതിയ യുഗത്തിലെ നാഗത്താന്മാരാണെന്നും പറയുന്നതിൽ അച്ഛൻ കുട്ടിയിൽ താൻ മറന്നു കളയാൻ ശ്രമിച്ച ഭയങ്ങൾക്ക് ഇടമുണ്ടാക്കി കൊടുക്കുകയാണെന്ന് ശ്രീജൻ നിരീക്ഷിക്കുന്നു

- ഒട്ടും പേടിക്കേണ്ട എന്ന പ്രയോഗം കവിയിൽ മറഞ്ഞിരിക്കുന്ന ഭയത്തെ തന്നെയാണ് കാണിക്കുന്നത്

- കർഷക ബന്ധുക്കളായ ഞാഞ്ഞൂലുകളെ ആധുനിക യുഗത്തിലെ നാഗന്മാൻ എന്ന രൂപകമായി കാണുന്നതിലൂടെ പോയപ്പോയ പാമ്പുകൾ തിരിച്ചു

വരുന്നു എന്നും ഒട്ടും പേടിക്കേണ്ട എന്ന ഉറപ്പിന്റെ വിപരീതമായ അർത്ഥത്തിലൂടെ പേടിയും തിരിച്ചുവരുന്നു എന്നും ശ്രീജൻ പറയുന്നു

- നാഗം ഞാഞ്ഞൂൽ ഇനി ബിംബങ്ങളുടെ താരതമ്യം കൂടി ഈ പഠനത്തിലുണ്ട്

- പഴമയുടെ കഥകളെ സ്ഥാപിക്കാൻ നാഗത്താൻ എന്ന മഹാ ബിംബത്തെ ഉപയോഗിക്കുമ്പോൾ പുതിയ യുഗത്തിന്റെ കഥയെ യോജിപ്പിച്ച് നിർത്താൻ ഞാൻ എന്ന ചെറിയ ബിംബമേയുള്ളൂ

- ഞാഞ്ഞൂൽ എന്ന വാക്ക് ശാസ്ത്രീയ വിശദീകരണത്തിൽ പ്രാധാന്യം കൊണ്ടുവരുന്നു ണ്ടെങ്കിലും ഭാഷാ പ്രയോഗത്തിൽ അധമത്വമാണ് കൊണ്ടുവരുന്നുത്

- സർപ്പക്കാടെരിച്ച് ഭയത്തെ ഇല്ലാതാക്കാം എന്ന ഭൗതിക പ്രവൃത്തി സംസ്കാരത്തിൽ അത്ര എളുപ്പം ചെയ്യാൻ സാധിക്കില്ല നിരീക്ഷണ ത്തിലാണ് ലേഖനം അവസാനിക്കുന്നത്

- പഴമയേയും ആധുനികതയേയും യുക്തിഭദ്രമാ യാണ് സമീപിക്കേണ്ടതെന്നും രണ്ടിനോടുമുള്ള അന്ധമായ ആരാധനയെ വിമർശനപരമായ സമീപിക്കണമെന്നും ലേഖനം ചർച്ച ചെയ്യുന്നു

<u>മൊഡ്യൂൾ 3 - വിവർത്തനം</u>

ഒരു പദത്തിന്റെയോ വാക്യത്തിന്റെയോ ഗ്രന്ഥ സന്ദർഭം പുസ്തകത്തിനേയും അർത്ഥം മറ്റൊരു ഭാഷയിൽ ആവിഷ്കരിക്കുന്നതാണ് വിവർത്തനം. മലയാളത്തിൽ പരിഭാഷ തർജ്ജമ മൊഴിമാറ്റം ഭാഷാന്തരം എന്നിങ്ങനെ പല പദങ്ങളും ഈ അർത്ഥത്തിൽ പ്രചരിച്ചിട്ടുണ്ട്.

- ഏതു ഭാഷയിൽ നിന്ന് വിവർത്തനം ചെയ്യുന്നു ആ ഭാഷയെ സ്രോതഭാഷ എന്നും ഏതു ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നു അതിനെ ലക്ഷ്യഭാഷ എന്നും പറയുന്നു.
- വിവർത്തന പ്രക്രിയയ്ക്ക് മനുഷ്യ സംസ്കാരത്തോളം പഴക്കമുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥമാണ് ബൈബിൾ. വിവർത്തനങ്ങൾ ഇന്ത്യയിലെ പ്രാദേശിക ഭാഷകളുടെ രൂപീകരണത്തെയും വളർച്ചയെയും പ്രബലമായി സ്വാധീനിച്ചിട്ടുണ്ട്. ഒരു ഭാഷ അറിയാത്ത അനവധി ആളുകൾക്ക് പരിഭാഷ വഴി സംസ്കാരത്തെക്കുറിച്ച് അറിയാൻ സാധിക്കുന്നു

- സാഹിത്യകൃതികൾ മാത്രമല്ല എല്ലാ കൃതികളും ശാസ്ത്രം സാഹിത്യം ആരോഗ്യം തുടങ്ങിയ എല്ലാ മേഖലകളിലുള്ള പുസ്തകങ്ങളും മലയാളത്തിലേക്ക് വന്നു തുടങ്ങി. അച്ചടിയുടെ ശേഷം പുസ്തകത്തിൽ നിന്നും ടെലിവിഷനിലേക്കും മൊബൈലിലേക്കും ഇന്ന് എഐ എത്തിനിൽക്കുന്ന സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം വിവർത്തനത്തിന്റെ താൽപര്യങ്ങളെ പുനർനിർവചിച്ചു.

- ഇന്റർനെറ്റ് സോഷ്യൽ മീഡിയ വഴി നവീനമായ സാധ്യതകൾ കൊണ്ടുവന്നു

- സിനിമ,നാടകം, വാർത്ത അവതരണം, തുടങ്ങിയ എല്ലാ മേഖലകളിലും വിവർത്തനത്തിന്റെ സാധ്യത വളരെ വലുതാണ്.

<u>വിവർത്തന തത്വങ്ങൾ :</u>

വിവർത്തന പ്രക്രിയ യാന്ത്രികമായ ഒന്നല്ല ഗൂഗിളിലോ എ ഐ യിലോ പരിഭാഷ ചെയ്യാൻ ശ്രമിക്കുമ്പോൾ

പലപ്പോഴും സാംസ്കാരിക സവിശേഷതകൾ തൊട്ടു തീണ്ടാത്ത കേവലം യാന്ത്രികമായ പരിഭാഷകളാണ് നമുക്ക് ലഭ്യമാകുക. വിവർത്തനം ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കുള്ള വെറും രൂപാന്തരമല്ല എന്നാണ് തെളിയിക്കുന്നത്. ഒരു ആശയ സംക്രമണം കൂടിയാണ് വിവർത്തനം.

- ഒരു ദേശത്തെ അനുഭവങ്ങൾ മറ്റൊരു ദേശത്തേക്ക് പരിഭാഷ ചെയ്യുമ്പോൾ വിവർത്തകർ രണ്ട് സംസ്കാരങ്ങളെ കൂടി കൂട്ടി ഇണക്കു കൂടി ചെയ്യുന്നു.

**ജോൺ ഡ്രൈഡൻ വിവർത്തനത്തെ മൂന്നുതരം ആക്കി തിരിക്കുന്നത് ഇങ്ങനെയാണ്:**

1. മെറ്റഫ്രെയിസ് : പ്രധാന പദ തർജ്ജമയോട് ചേർന്ന് നിൽക്കുന്നു

2. പാരഫ്രെയിസ് : മൂലകൃതിയുടെ രചയിതാവിനെ പിന്തുടരുമ്പോഴും വാക്കിനു വാക്ക് പിന്തുടരുകയല്ല. പകരം അർത്ഥത്തെ പിന്തുടരുകയാണ് ഇവിടെ ചെയ്യുന്നത്. ആശയാനുവാദത്തോടെ ചേർന്ന് നിൽക്കുന്നു.

3. ഇമിറ്റേഷൻ : അനുകരണത്തിൽ മൂലകൃതിയുടെ വാക്കുകളെ മാത്രമല്ല അർത്ഥങ്ങളെയും ഉപേക്ഷിക്കുന്നു. മൂലകൃതിയെ പ്രചോദനമാക്കിക്കൊണ്ട് പുതിയൊരു പാഠം സൃഷ്ടിക്കലാണിത്.

**വിവർത്തന രീതികൾ**:.

പദാനുപദ വിവർത്തനം : ഭാഷാശാസ്ത്രജ്ഞർ വ്യക്തിഗത പദങ്ങളെ അവയുടെ ഏറ്റവും അക്ഷരാർത്ഥത്തിലുള്ള അർത്ഥത്തിനനുസരിച്ച് വിവർത്തനം ചെയ്യുന്നു, സന്ദർഭം വളരെ കുറച്ച് മാത്രമേ പരിഗണിക്കുന്നുള്ളൂ. പദാനുപദം ഭാഷകൾ തമ്മിലുള്ള വ്യാകരണപരമോ അർത്ഥപരമോ സാംസ്കാരികമോ ആയ വ്യത്യാസങ്ങൾ കണക്കിലെടുക്കാത്തതിനാൽ, യഥാർത്ഥ പദ ക്രമം അതേപടി തുടരുന്നു. സാധാരണയായി, പദാനുപദ വിവർത്തനം ഗുണനിലവാരമുള്ള വിവർത്തനങ്ങൾ നൽകുന്നില്ല (യന്ത്ര വിവർത്തനം എന്ന് കരുതുക), എന്നിരുന്നാലും മെഡിക്കൽ

ഗവേഷണ റിപ്പോർട്ടുകൾ പോലുള്ള പ്രമാണങ്ങളിൽ പദാനുപദം നന്നായി പ്രവർത്തിക്കുമെന്ന് വായനക്കാരൻ ശ്രദ്ധിക്കേണ്ടതാണ്.

2. **അക്ഷരീയ വിവർത്തനം** : അക്ഷരീയ വിവർത്തനത്തിന്റെ കാര്യത്തിൽ, ഭാഷാശാസ്ത്രജ്ഞർ ഉറവിട വാചകത്തിന്റെ വ്യാകരണ ഘടനകളെ ലക്ഷ്യ ഭാഷയിൽ അടുത്ത തുല്യപദങ്ങളിലേക്ക് വിവർത്തനം ചെയ്യുന്നു. ഈ സാഹചര്യത്തിൽ, വാക്കുകൾ അവയ്ക്കിടയിലുള്ള അർത്ഥങ്ങൾ ശ്രദ്ധിക്കാതെ വിവർത്തനം ചെയ്യുന്നു . പദാനുപദ രീതിക്ക് വിരുദ്ധമായി, അക്ഷരീയ വിവർത്തനം സന്ദർഭത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ലക്ഷ്യ ഭാഷയിൽ രൂപകീയ തുല്യപദങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

3. ആശയവിനിമയ വിവർത്തനം :ഉറവിട വാചകത്തിന്റെ കൃത്യമായ സന്ദർഭോചിതമായ അർത്ഥം ലക്ഷ്യ ഭാഷയിലേക്ക് പ്രതിഫലിപ്പിക്കുന്നത് ആശയവിനിമയ വിവർത്തനത്തെ നിർവചിക്കുന്നു. വായനക്കാർക്ക് പൂർണ്ണമായും മനസ്സിലാക്കാവുന്നതും സ്വീകാര്യവുമായ ഒരു സന്ദേശം ലഭിക്കുന്നു. ആശയവിനിമയ വിവർത്തനം സന്ദർഭം, സംസ്കാരം, വ്യാകരണം, അർത്ഥശാസ്ത്രം എന്നിവ കണക്കിലെടുക്കുന്നു, അതിനാൽ പല വിദഗ്ധരും ഇത് ഇഷ്ടപ്പെടുന്നു. ഇത് എല്ലായ്പ്പോഴും സാങ്കേതികമായി ഏറ്റവും കൃത്യമായ ഓപ്ഷനല്ലെങ്കിലും, ഇത് സ്വാഭാവിക രീതിയിൽ അർത്ഥം ആശയവിനിമയം ചെയ്യുന്നു, കൂടാതെ സംസ്കാര-നിർദ്ദിഷ്ട ശൈലികൾ, പഴഞ്ചൊല്ലുകൾ അല്ലെങ്കിൽ പദപ്രയോഗങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വാചകം വിവർത്തനം ചെയ്യുമ്പോൾ ഇത് പതിവായി ഉപയോഗിക്കുന്നു.

4. സെമാന്റിക് വിവർത്തനം: ഒരു സെമാന്റിക് വിവർത്തന സാഹചര്യത്തിൽ, ഒരാൾ ലക്ഷ്യ ഭാഷയിൽ ഉറവിട ഭാഷയുടെ വാക്യഘടനയും സെമാന്റിക് ഘടനകളും അറിയിക്കാൻ

ശ്രമിക്കുന്നു. സന്ദർഭവും സംസ്കാരവും നിലനിർത്തിക്കൊണ്ട്, ഈ രീതി ഒരു വിദേശ ഭാഷയിൽ മൂല വാചകത്തെ ഏറ്റവും അടുത്ത് പുനർനിർമ്മിക്കുന്നു. അതേസമയം, സെമാന്റിക് വിവർത്തനം ഉറവിട വാചകത്തിന്റെ സൗന്ദര്യാത്മക മൂല്യത്തിന് കൂടുതൽ ഊന്നൽ നൽകുന്നു , കൂടുതൽ വഴക്കമുള്ളതാണ്, കൂടാതെ വിവർത്തകന് സർഗ്ഗാത്മകതയ്ക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുന്നു.

5. പൊരുത്തപ്പെടുത്തൽ : മൂല ഉള്ളടക്കത്തിന്റെ അതേ സന്ദേശം നൽകുമ്പോൾ തന്നെ, ലക്ഷ്യ ഭാഷയിൽ തത്തുല്യമായവ കണ്ടെത്തുന്നതിന്, ഉറവിട വാചക ഭാഷയുടെ പരിഷ്കരണമോ പൂർണ്ണമായ പുനരാലേഖനമോ ആണ് അഡാപ്റ്റേഷനിൽ ഉപയോഗിക്കുന്നത് . പലപ്പോഴും ട്രാൻസ്ക്രിയേഷൻ എന്നറിയപ്പെടുന്നതിനാൽ, ഉറവിട ഉള്ളടക്കത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ രീതിയിൽ സന്ദേശമയയ്ക്കലോ ആശയങ്ങളോ ഉദ്ദേശിച്ച പൊതുജനങ്ങൾക്ക് അവതരിപ്പിക്കുമ്പോൾ പ്രത്യേക ഭാഷാശാസ്ത്രജ്ഞർക്ക് സഹായിക്കാനാകും.

വ്യത്യസ്ത വിവർത്തന രീതികൾ നിലവിലുണ്ടെങ്കിലും, ഏതെങ്കിലും ഒരു രീതി ഉപയോഗിച്ച് ഗുണനിലവാരമുള്ള വിവർത്തനം നേടാനാവില്ല. ഉറവിടം, ലക്ഷ്യ ഭാഷ, പ്രേക്ഷകർ, സംസ്കാരം, സെമാന്റിക്സ് എന്നിവയെ ആശ്രയിച്ച്, ലോകമെമ്പാടുമുള്ള പ്രേക്ഷകരെ ആകർഷിക്കുന്ന ഒരു തൃപ്തികരമായ വിവർത്തനം സൃഷ്ടിക്കുന്നതിന് വ്യത്യസ്ത തന്ത്രങ്ങൾ സംയോജിപ്പിക്കേണ്ടത് നിർണായകമാണ്.

- റോമൻ യാക്കോബ് സൺ മൂന്നു തരത്തിലുള്ള വിവർത്തന പ്രക്രിയയെ പറ്റി പറയുന്നുണ്ട് : അന്തർ ഭാഷാ വിവർത്തനം, ഭാഷാന്തരം, ചിഹ്നാന്തരം.

## മൊഡ്യൂൾ 4 -സംഗ്രഹരചന

സംഗ്രഹ രചന ഒരു കലയാണ്. ലേഖനത്തിലെ ആശയങ്ങൾ ചോർന്നു പോകാതെ ചുരുക്കി എഴുതുന്ന രീതിയാണ് സംഗ്രഹ രചന എന്ന് പറയുന്നു. ഒരു ലേഖനം

പുസ്തകം അല്ലെങ്കിൽ മറ്റേതെങ്കിലും രചനയുടെ പ്രധാന ആശയങ്ങളും വിവരങ്ങളും ചുരുക്കി എഴുതുന്ന രീതിയാണ് സംഗ്രഹരചന എന്ന് പറയുന്നത്.ദൈർഘമേറിയ കൃതിയുടെ ചെറിയ വിവരണം ആണ് സംഗ്രഹം.

**1വയലറ്റ് പൂച്ചകൾക്ക് ശൂ വയ്ക്കാൻ തോന്നുമ്പോൾ - പ്രിയ എ എസ്**

- ഉത്തരാധുനികതയുടെ സന്ദർഭത്തിൽ സ്ത്രീപക്ഷ രചനകളുമായി സാഹിത്യ രംഗത്ത് ശക്തമായ സാന്നിധ്യമായ എഴുത്തുകാരിയാണ് പ്രിയ എ.എസ്
- ഓരോരോ തിരിവുകൾ', 'പ്രിയ എ.എസിൻ്റെ കഥകൾ', 'മഞ്ഞ മരങ്ങൾ ചുറ്റിലും', 'ഒഴുക്കിൽ ഒരില', 'കഥ ബാക്കി', 'മായാക്കാഴ്ച്ച കൾ' എന്നിവയൊക്കെ പ്രിയയുടെ കഥകളും അനുഭവക്കുറിപ്പുകളു മാണ്
- കോയമ്പത്തൂരിൽ ജോലി ചെയ്യുന്ന ഭർത്താവിൻ്റെ അരികിലേക്ക് മണി ദീപ എന്ന മകളുമായി ബസിൽ യാത്ര ചെയ്യുന്ന ശർമ്മിഷ്ഠയുടെ അനുഭവമാണ് ഈ കഥ

- സൂര്യചന്ദ്രൻ എന്നാണ് ഭർത്താവിൻറെ പേര്. അദ്ദേഹം ഒരു ജേണലിസ്റ്റാണ്

- മകളുടെ വാശിപ്പുറത്താണ് ട്രെയിൻ ഒഴിവാക്കി ബസ്സിലേക്ക് യാത്ര മാറ്റിയത്
- മണിദീപ അവളുടെ അനുഭവങ്ങൾ മറ്റു ജീവജാലങ്ങളുടെ പേരിലാക്കി കഥകളാക്കി അവതരിപ്പിക്കുകയും ചിത്രം വരക്കുകയും ചെയ്യാറുണ്ട്
- മണിദീപയ്ക്ക് എപ്പോഴും അമ്മയുടെ സാമീപ്യം ആവശ്യമാണ്

- നീണ്ട ബസ് യാത്രയ്ക്കിടെ മുഖം ചുളിച്ച് മണിദീപ അമ്മയെ നോക്കുന്നു. മൂത്രമൊഴിക്കാൻ ഉണ്ട് എന്നാണ് ആ നോട്ടത്തിന് അർത്ഥം
- അത് ശ്രദ്ധിക്കാതിരുന്ന ശർമിഷ്ഠയോട് അടിവയർ പിടിച്ച് എനിക്ക് ശൂ വയ്ക്കണമെന്ന് അവൾ അഭ്യർത്ഥിച്ചു

- കുറച്ചു മരങ്ങളും ഇരുട്ടുമുള്ള ഒരിടത്ത് ബസ് നിർത്തണമെന്ന് അമ്മ ഡ്രൈവറോട് പറഞ്ഞു

- പുരുഷന്മാർക്കും കുട്ടികൾക്കും മൂത്രമൊഴിക്കാൻ എന്തിനാ ഇരുട്ട് എന്നു ചോദിച്ചു കൊണ്ട് ഡ്രൈവർ ബസ്സ് നിർത്തി.

- യാത്രയിൽ മൂത്രമൊഴിക്കാനുള്ള അവസരം ഒഴിവാക്കാനായി വെള്ളം കുടിക്കാതിരുന്നെങ്കിലും ശർമിഷ്ഠയുടെ യൂറിനറി ബ്ലാഡർ നിറഞ്ഞു.
- മൂത്രമൊഴിക്കാൻ മറ്റുമായി നിർത്തിയ ഒരു സ്റ്റേഷനിൽ ബാത്റൂമിലേക്ക് ശർമിഷ്ഠ മണിദീപയുമായി നടന്നു
- പക്ഷേ അവിടുത്തെ ബാത്റൂമുകൾ ഉപയോഗശൂന്യമായിരുന്നു
- ഒപ്പമുണ്ടായിരുന്ന സ്ത്രീകൾ പുരുഷൻമാരെപ്പോലെ മൂത്രമൊഴിക്കുന്ന രീതി സംവിധാനം സ്ത്രീകൾക്ക് വേണമെന്ന് പ്രാർത്ഥിക്കാറുണ്ടെന്ന് പറയുന്നത് ശർമിഷ്ഠ കേട്ടു. മുത്രമൊഴിക്കുന്ന കാര്യത്തിലെങ്കിലും പുരുഷന് തുല്യമാവാൻ ആഗ്രഹിക്കുന്ന ഒരു പെൺകുട്ടിയുടെ വർത്തമാനവും അവൾ കേട്ടു
- മൂത്രമൊഴിക്കാനാവാതെ അവർ തിരികെ ബസ്സിൽ കയറി.

- കോയമ്പത്തൂർ സ്റ്റേഷനിൽ നിന്നും വിളിച്ച ടാക്സിയിൽ സൂര്യൻറെ ഫ്ലാറ്റിൽ എത്തിയതും ശർമിഷ്ഠ ഓടി ബാത്റൂമിൽ കയറി
- ഒരു മാസം കഴിഞ്ഞു കാണുന്ന ഭാര്യയോട് അയാൾ എക്സ്പ്രസ് ഹൈവേ കുറിച്ചും സംവരണത്തെക്കുറിച്ചുമൊക്കെ സംസാരിക്കുന്നു
- ഇതൊന്നും കേൾക്കാതെ സ്ത്രീകൾക്ക് അടച്ചുറപ്പും വൃത്തിയുമുള്ള ഒരിടം മൂത്രമൊഴിക്കാൻ ഇല്ലാത്തതിൻ്റെ പ്രതിഷേധം അറിയിക്കുകയും അത്തരത്തിലുള്ള സംവിധാനങ്ങൾ ഉള്ള എക്സ്പ്രസ് ഹൈവേയാണ് വരുന്നതെങ്കിൽ ഞാൻ അതിനെ പിന്തുണയ്ക്കുമെന്നും ശർമിഷ്ഠ പറയുന്നു

- പെൺ യൂറിനറിബ്ലാഡറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും പെണ്ണുങ്ങൾക്ക് ആൺസമാന അവയവം മൂത്രമൊഴിക്കാനായി ഡിസൈൻ ചെയ്യുന്നതിനും വേണ്ടിയുള്ള ഗവേഷണങ്ങൾ നടക്കണമെന്നും ശർമിഷ്ഠ പറയുന്നു.

- ഈ സംസാരം ഇഷ്ടപ്പെടാതെ വൃത്തികെട്ട വർത്തമാനം നിർത്തുമോ എന്ന് ചോദിക്കുന്നു

- ഭർത്താവിൻ്റെ ഈ നിലപാട് ശർമിഷ്ഠയിൽ അരോചകമുണ്ടാക്കുകയും ഇതെങ്ങനെയാണ് വൃത്തികെട്ട ഒന്നാവുന്നത് എന്ന് ചോദിക്കുകയും ചെയ്തു.

- ശരീരസംബന്ധിയായ ആവശ്യങ്ങളെ മടിയോടും ഭീതിയോടും കൂടിയാണ് സ്ത്രീകൾ അഭിമുഖീകരിക്കുന്നത്.

- സമൂഹത്തിനകത്ത് തുറന്നു പറയാൻ മടിയെ സമൂഹം രൂപപ്പെടുത്തിയിട്ടുണ്ട്.

- ശരീരസംബന്ധമായ സ്വകാര്യതകൾ സ്ത്രീകളിൽ മാത്രം അടിച്ചേൽപ്പിക്കുന്നു

- മൂത്രം പുറന്തള്ളുക എന്നത് ശരീര സംബന്ധമായ ആവശ്യമാണെന്നിരിക്കെ പുരുഷനത് എളുപ്പമുള്ള ജോലിയും
- സ്ത്രീകളിൽ അത് പ്രശ്നമായിത്തീരുന്ന ഒന്നായും മാറുന്നു

- ഈ ബുദ്ധിമുട്ടുകൾ മറികടക്കാൻ വൃത്തിയുള്ള ഇടങ്ങൾ തയ്യാറാക്കി കൊടുക്കാൻ ഭരണകൂടങ്ങൾ തയ്യാറാവാത്തതിന്റെ പ്രശ്നങ്ങളും ഈ കഥയിൽ ചർച്ച ചെയ്യുന്നു

## 2 രണ്ടു കുഞ്ഞുങ്ങൾ--ആർ വേണുഗോപാൽ

- പ്രശസ്ത കവിയും മലയാള ചലച്ചിത്ര ഗാനരചയിതാവുമാണ് ആർ വേണുഗോപാൽ. ഡാഡി കൂൾ, സ്പാനിഷ് മസാല, 22 ഫീമെയിൽ കോട്ടയം, ഡാ തടിയാ, ജവാൻ ഓഫ് വെള്ളിമല, എസ്കേപ് ഫ്രം ഉഗാണ്ട, പെരുച്ചാഴി, നീന എന്നീ ചിത്രങ്ങളുടെ ഗാനങ്ങൾ രചിച്ചു.

- നഗര പരിഷ്കൃതയുടെ കടന്നുകയറ്റവും അതോടൊപ്പം കമ്പോള സംസ്കാരം നടത്തുന്ന അധിനിവേശവും ഒരുപോലെ ചർച്ച ചെയ്യുന്ന കവിതയാണ് രണ്ടു കുഞ്ഞുങ്ങൾ

- പാരിസ്ഥിതികമായ പ്രശ്നങ്ങളോടൊപ്പം വിദ്യാഭ്യാസം, അമാനവികമായിക്കൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങൾ തുടങ്ങിയവയും സൂചിപ്പി ക്കുന്നു

- ഷൂസിനകത്ത് അകപ്പെട്ട അണലിക്കുഞ്ഞിൻറെ കടിയേറ്റ് അപ്പു എന്ന കുഞ്ഞ് മരിച്ചു പോകുന്നതാണ് കവിതയുടെ പ്രമേയം

- കുന്നുകൾ മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് ഇടിച്ചുനിരത്തിയതിൻ്റെ ഭാഗമായി ഒട്ടേറെ പക്ഷിമൃഗാദികൾക്ക് ആവാസ വ്യവസ്ഥ നഷ്ടപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ ഇഴഞ്ഞ് രക്ഷപ്പെട്ടു വന്ന ഒരു അണലിക്കുഞ്ഞ് അപ്പുവിന്റെ ഷൂസിനുള്ളിൽ താമസമാക്കുന്നു

- അപ്പുവിനെ നിർബന്ധിച്ച് സ്കൂളിൽ പറഞ്ഞയക്കുകയാണ് അമ്മ

- വിശപ്പില്ലാതെ ഭക്ഷണം കഴിച്ചും ദാഹമില്ലാതെ പാല് കുടിച്ചും അമ്മയുടെ പിച്ചേറ്റ് ഉണർന്നും സ്കൂളിലേക്ക് പോകുന്ന അപ്പുവിന് പ്രഭാതം സുന്ദരമായി തോന്നുന്നില്ല

- അമ്മയുടെ അടിയേറ്റ് നിർബന്ധപൂർവ്വം കാലിലേക്ക് വലിച്ചേറ്റിയ അനിൽ കുഞ്ഞ് കിടന്ന അണലിക്കുഞ്ഞ് പ്രാണ ഭയത്താൽ അപ്പുവിനെ കടിക്കുന്നു

- ഷൂസൂരാൻ ശ്രമിക്കുമ്പോൾ അമ്മ അടിക്കുകയാണ്. അമ്മയോടുള്ള ഭയത്താൽ അപ്പുവിന് കാര്യം പറയാനാവുന്നില്ല

- അപ്പുവിനെ മനസ്സിലാക്കാൻ അമ്മയ്ക്ക് കഴിയുന്നില്ല

- സ്കൂൾ വാനിലും അപ്പു ഒറ്റപ്പെടുന്നു. കൂട്ടുകാർ കളിയാക്കുന്നു ബസ് ഡ്രൈവർ ആക്രോശിക്കുന്നു. ഇവർക്കിടയിൽ നിശബ്ദനായി പോകുന്നുണ്ട് അപ്പു

- സ്കൂളിൽ എത്തിയ വാനിൽ നിന്ന് എല്ലാ കുട്ടികളും ഇറങ്ങി പോയപ്പോഴും വാതിലിൽ തലചായ്ച്ചുകൊണ്ട് അപ്പു ഇരിക്കുന്നുണ്ടായിരുന്നു.

- കുലുക്കി വിളിക്കാൻ ശ്രമിച്ച ഡ്രൈവറുടെ കയ്യിലേക്ക് അപ്പോഴേക്കും മരണം സംഭവിച്ചഅപ്പു വാർന്നു വീഴുന്നു

- വരാന്തയിൽ ആൾക്കൂട്ടത്തിനിടയിൽ ഇറക്കി കിടത്തിയ അപ്പുവിന്റെ ഷൂസ് ഊരിയപ്പോൾ ഷൂവിനുള്ളിൽ നിന്നും അണലിക്കുഞ്ഞും മരിച്ചു വീഴുന്നു

- രണ്ട് കുഞ്ഞുങ്ങൾക്കും ഇനിയെന്നും അവധി

- മനുഷ്യൻറെ കൈക്കടത്തലുകളുടെ ഫലമായാണ് സ്വന്തം ആവാസ വ്യവസ്ഥ വിട്ട് അണലി കുഞ്ഞിന് പലായനം ചെയ്യേണ്ടിവന്നത്

- അപ്പുവിന്റെ ജീവിതവും മറ്റൊന്നല്ല. പുതിയ കാലത്ത് വിദ്യാഭ്യാസ സിസ്റ്റം കുഞ്ഞുങ്ങളെ അവരുടെ സ്വാഭാവികത ജീവിതപ്രക്രിയകളിൽ നിന്ന് പുറത്താക്കുന്നു.

- പ്രകൃതിയിൽ നിന്നും സ്വന്തം സ്വാഭാവിക ജീവിതപ്രക്രിയകളിൽ നിന്നും പുറത്താക്കപ്പെട്ട ഈ രണ്ടു കുഞ്ഞുങ്ങളും പരിഷ്കൃത ലോകം അനാഥരാക്കിയവരാണ്. മാനവികത നഷ്ടപ്പെട്ട പുതിയ മനുഷ്യരുടെ ചെയ്തികളുടെ ഇരകളാണ്

**<u>സർഗ്ഗാത്മക രചന</u>**

ഭാവനാസൃഷ്ടിയെയാണ് സർഗ്ഗാത്മക രചന എന്ന് വിളിക്കുന്നത്.

Creo എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് creativity എന്ന വാക്കുണ്ടാവുന്നത്.

ഭാവന ഉപയോഗിച്ചുകൊണ്ട് നവീനവും മൂല്യവുമായ ആശയങ്ങളും സൃഷ്ടികളും രൂപപ്പെടുത്താനുള്ള കഴിവിനെയാണ് സർഗാത്മകത എന്ന് വിളിക്കുന്നത്.

സർഗ്ഗം എന്ന വാക്കിന് നിഘണ്ടുവിൽ സൃഷ്ടി സംയോജനം എന്നീ അർത്ഥങ്ങൾ കാണാം.

അക്കാദമികമോ സാങ്കേതികമോ അല്ലാത്ത എഴുത്തിനെയാണ് സർഗാത്മക രചന എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്.

കഥ കവിത നാടകം തിരക്കഥ നോവൽ എന്നിങ്ങനെ സവിശേഷ ആഖ്യാനരീതിയും കൈകോർക്കുന്ന പലതരം സർഗാത്മക രചനകൾ നമുക്ക് പരിചിതമാണ്.

ഉള്ളടക്കത്തെ എല്ലാ എഴുത്തുകാരും ഓരോ രീതിയിലാണ് ആവിഷ്കരിക്കുക.

കഥ കവിത ലേഖനം എന്തുമായിക്കൊള്ളട്ടെ ഓരോന്നിനും ഓരോ ശൈലികൾ ഉണ്ട്.

ആർക്കുവേണ്ടിയാണ് എഴുതുന്നത് എന്നത് വളരെ സൂക്ഷ്മതയോടെ പരിഗണിക്കേണ്ട സംഗതിയാണ്.

ഒരാൾ കഥയെഴുതാൻ തീരുമാനിച്ചു എന്ന് കരുതുക പറയാൻ പോകുന്ന വിഷയത്തെ ആഴത്തിൽ അറിയുക എന്നത് അത്യാവശ്യമാണ്.

ഉള്ളടക്ക രചന:

ഇന്നത്തെ കാലഘട്ടം ഇന്റർനെറ്റിന്റെതാണ്. നമ്മൾ ജീവിക്കുന്ന ലോകം ഇന്റർനെറ്റുമായി പരസ്പര ബന്ധമുണ്ട്. ലോകം നമ്മുടെ കയ്യിലേക്ക് വളരെയധികം ചുരുങ്ങിയിരിക്കുന്നു. വീട്ടുമുറിയിൽ ഇരുന്നു കൊണ്ട് തന്നെ വിദേശത്തേയോ വിദൂര ദേശത്തെയോ സർവകലാശാലയിലെ വിദ്യാർത്ഥിയായി മാറാനും ദൂരെ നിന്നുള്ള ബ്ലോഗറുടെ പരിപാടി ലൈവ് കാണാനും എവിടെയാ ഉള്ള സുഹൃത്തുക്കളോടൊപ്പം ഒരു ഓൺലൈൻ ഗെയിമിൽ പങ്കാളിയാവാനുള്ള അവസരങ്ങൾ ഇന്നിന്റെ കാലം നമുക്ക് അനുവദിക്കുന്നുണ്ട്.

സൈബർ സ്പേസ് എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത് അമേരിക്കൻ സാഹിത്യകാരനായ വില്യം ഗിബ്സൻ ആണ്.

ഡിജിറ്റൽ ഫോർമാറ്റിൽ ഉള്ളടക്കം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പ്രക്രിയയാണ് ഉള്ളടക്ക രചന എന്ന് അറിയപ്പെടുന്നത്. മാർക്കറ്റിങ് ലക്ഷ്യങ്ങൾ മുൻനിർത്തി തയ്യാറാക്കപ്പെടുന്ന കണ്ടൻ്റിനെയാണ് പൊതുവെ ഉള്ളടക്ക രചന എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. അനുവാചകരുമായി ബന്ധം സ്ഥാപിക്കുകയും അവരുടെ വിശ്വാസം സമ്പാദിക്കുകയും ആണ് ഉള്ളടക്ക രചയിതാവിന്റെ കടമ.

വീഡിയോ സ്ക്രിപ്റ്റ് :

പലതരം വീഡിയോകൾ നമ്മൾ ദൈനംദിന ജീവിതത്തിൽ വെബ്സൈറ്റുകൾ വഴിയും സോഷ്യൽ മീഡിയ വഴിയും കൈ മാറാറുണ്ട്. ആരോഗ്യം വിദ്യാഭ്യാസം യാത്ര വായന സിനിമ സ്പോർട്സ് സയൻസ് സംഗീതം വാർത്ത രാഷ്ട്രീയം വാഹനം നാട്ടറിവുകൾ എന്നിങ്ങനെ നീണ്ടുപോകുന്ന വിഷയവൈവിധ്യം ഈ വീഡിയോകൾക്കുണ്ട്.

ഒരു നിശ്ചിത സെപ്രേക്ഷക സമൂഹത്തെ ലക്ഷ്യം വെച്ചുള്ള ആശയവിനിമയമാണ് ഈ വീഡിയോകളിൽ നടക്കുന്നത്. ജനപ്രിയമായ യൂട്യൂബ് ചാനലുകളിൽ പരിപാടിക്കിടെ പരസ്യം വരാറുണ്ടല്ലോ. മറ്റാരോ തയ്യാറാക്കിയ പരസ്യം ആയിരിക്കും അത്. വെബ്സീരിയൽക്കുള്ളിലും മറ്റു വിനോദ പരിപാടികൾക്കിടയിലും ഒളിച്ചു കടത്തുന്ന ഉൽപ്പന്ന സേവനങ്ങളെ പരിചയപ്പെടുത്തലുകൾ ഈ വിഭാഗത്തിൽ കടന്നുവരും.

പോഡ്കാസ്റ്റ്: ഇന്ററർനെറ്റിലൂടെ പരമ്പര രൂപത്തിൽ ലഭ്യമാക്കപ്പെടുന്ന ഓഡിയോ ഫയലുകളുടെ കൂട്ടമാണ് പോഡ്

കാസ്റ്റ്. ആദ്യകാലത്ത് വിനോദമായിരുന്നു ഇതിന്റെ പ്രധാന പരിപാടി. ആശയ പ്രചരണങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരങ്ങൾ വിദൂര വിദ്യാഭ്യാസം വാർത്ത വിനിമയം എന്നിവയ്ക്കെല്ലാം ഇപ്പോൾ ഇത് ഉപയോഗിക്കാറുണ്ട്.

ബ്ലോഗ്:

അച്ചടിശാലയുടെയോ പ്രസാദകരുടെയോ ഇടനിലയില്ലാത്ത നമുക്ക് മനസ്സിൽ തോന്നുന്നത് പ്രസിദ്ധീകരിക്കാൻ കഴിയുന്ന ആത്മപ്രകാശനത്തിന്റെ നവമാധ്യമമാണ് ബ്ലോഗ്.

പേഴ്സണൽ ഓൺലൈൻ പബ്ലിഷിംഗ് വഴി പുറത്തുവരുന്ന ഡിജിറ്റൽ പുസ്തകം. ജോൺ ബാർഗൻ 1997 ഉപയോഗിച്ച വെ ബ്ലോഗ് എന്ന പദമാണ് പിന്നീട് ബ്ലോഗ് എന്നായി മാറിയത്.

ഇ- ബുക്ക്

ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കപ്പെട്ടിരിക്കുന്ന പുസ്തകമാണ് ഈ ബുക്ക്. ഇലക്ട്രോണിക് ബുക്ക് എന്നതിന്റെ ചുരുക്കെഴുത്താണ് ഇത്. കമ്പ്യൂട്ടർ ഉപയോഗിച്ച് സ്മാർട്ട്ഫോൺ ഉപയോഗിച്ചു ടാബ്ലറ്റ് ഉപയോഗിച്ചും ഇ റീഡർ പോലുള്ള മാധ്യമങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് ഇത് വായിക്കുക.

വൈറ്റ് പേപ്പർ : കമ്പനി വാഗ്ദാനം ചെയ്യുന്ന ഒരു ഉത്പന്നമോ സേവനമോ വാങ്ങാൻ ഉപയോക്താക്കളെ പ്രേരിപ്പിക്കുന്നതാണ് വൈറ്റ് പേപ്പർ. ബ്രാൻഡ് അവബോധം വർദ്ധിപ്പിക്കുന്നതിനും പ്രേക്ഷകരെ ബോധവൽക്കരിക്കുന്നതിനും വിശ്വാസത വളർത്തുന്നതിനും ആണ് വൈറ്റ് പേപ്പർ തയ്യാറാക്കുന്നത്.

ലാൻഡിങ് പേജ്: ഒരു വെബ്സൈറ്റിലേക്ക് ഉപയോക്താക്കളെ സ്വാഗതം ചെയ്യുന്ന ആദ്യ പേജാണ് ലാൻഡിങ് പേജ്. ഇതൊരു വെബ്സൈറ്റിന്റെ ഹോം പേജ് ആണ്. കമ്പനിയുടെയോ ബ്രാൻഡിന്റെയോ പരിചയം ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ അവലോകനം ബന്ധപ്പെടാനുള്ള വിവരങ്ങളും ലിങ്കുകളും ഇവിടെ ലഭിക്കുന്നു.

സോഷ്യൽ മീഡിയ കോപ്പി: പ്രേക്ഷകരുമായി ഇടപഴകാനോ വിവരങ്ങൾ അറിയിക്കാനോ വേണ്ടി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്കായി സൃഷ്ടിച്ച രേഖാമൂലമുള്ളടക്കമാണ് സോഷ്യൽ മീഡിയ കോപ്പി. ടെക്സ്റ്റ് അധിഷ്ഠിത പോസ്റ്റുകൾ അടിക്കുറിപ്പുകൾ #ടാഗുകൾ ഇമോജികൾ എന്നിവ ഉള്ളടക്കത്തിന്റെ ഭാഗമാണ്. ഫെയ്സ്ബുക്ക് ചിത്രങ്ങളും ഹസ് കുറിപ്പുകളും തൊട്ട് ദീർഘ ലേഖനങ്ങളും വീഡിയോകളും വരെ പങ്കുവയ്ക്കുമ്പോൾ നിശ്ചിതമായ വാക്കുകളും ആശയവിനിമയം ചെയ്യേണ്ടതായുണ്ട്.

പ്രസ്സ് റിലീസ്: പൊതുജനങ്ങളെ അറിയിക്കാൻ സഹായകമായ വിധത്തിൽ വാർത്താമാധ്യമങ്ങളിലെ റിപ്പോർട്ടേർക്ക് വിവരങ്ങൾ നൽകുന്നതിനുവേണ്ടി തയ്യാറാക്കുന്ന ഔദ്യോഗിക കുറിപ്പാണ് പ്രസ റിലീസ്. ചിലപ്പോൾ ഔദ്യോഗിക പ്രസ്താവന പുറപ്പെടുവിക്കുന്നതിനും ഒരു പ്രഖ്യാപനം നടത്തുന്നതിനും പ്രസ്സ് റിലീസ് ഉപയോഗിക്കും. വാർത്തയുടെ ഒരു പ്രാഥമിക സ്രോതസ്സാണ് പ്രസ്സ് റിലീസുകൾ

ഉള്ളടക്ക രചനയുടെ പ്രാധാന്യം: മാർക്കറ്റിംഗ് മേഖലയിൽ ഏറെ സ്വാധീനം ചെലുത്തുന്ന സർഗാത്മക ഇടപെടലാണ് ഉള്ളടക്കര രചന. പുതിയ ബ്രാൻഡുകളുടെ അവതരണത്തിലും നിലവിലുള്ള പ്രോത്സാഹത്തിനു വേണ്ടി തയ്യാറാക്കുന്ന പരസ്യങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ ഉദാഹരണം: മിൽമയുടെ പരസ്യം,

വാഷിംഗ് പൗഡറിന്റെ പരസ്യം, ഡയറി മിൽക്കിന്റെ പരസ്യം, ടൂത്ത് പേസ്റ്റ് പരസ്യങ്ങൾ

വളർന്നുകൊണ്ടിരിക്കുന്ന ഒരു തൊഴിൽ മേഖലയാണ് ഉള്ളടക്ക രചന. മികച്ച ആശയവിനിമ ശേഷിയുള്ള വരെ കാത്തിരിക്കുന്നത് വലിയ സാധ്യതകളാണ്. സ്വന്തമായി എഴുതുന്നത് പോലെ തന്നെ സ്വയം വെളിപ്പെടുത്താതെ മറ്റൊരാൾക്ക് വേണ്ടി എഴുതുന്നതിനും ഇവിടെ അവസരമുണ്ട്.